പുസ്തകം ൬.  ൧൧൦൨ മേടം.  ലക്കം ൯.

# വിദൂഷകൻ




## വിഷയവിവരം

൧. പ്രസാധകക്കുറിപ്പുകൾ.
൨. ശുദ്ധമെ വെടി.
൩. അസൂയക്കാരന്റെ അരങ്ങേറ്റം.
൪. തെരഞ്ഞെടുപ്പുബഹളം.
൫. ഇലക്ഷൻകഥ.
൬. ബഹുരസം
൭. കവിതാവിലാസം.
൮. ഒരു പ്രാർത്ഥന.
൯. ശ്രീമഹാകവഭാരതം.
൧൦. പെണ്ണുകെട്ടേ പെണ്ണുകെട്ട്.

# രക്ഷാകർത്താക്കന്മാരേ,

## ശ്രദ്ധിക്കുവിൻ!

## യുവാക്കന്മാരേ, ഉപരിവിദ്യാഭ്യാസത്തിനുയത്നിക്കുവിൻ!

അധികം പണവും സമയവും നഷ്ടമാക്കാതെ ഏററവും ഫലപ്രദമായ ഒരു വിദ്യാഭ്യാസ പദ്ധതി സ്വീകരിക്കുവിൻ. വിദ്യാർത്ഥികൾക്കു വേഗത്തിൽ കാളേജ് ക്ലാസുകളിൽ എത്താൻ ഇതാണു് ഒരു ലഘുവായ മാർഗ്ഗം. കുറച്ചുകാലം പഠിച്ചാൽമതി. ചെലവു വളരെയില്ല. ഏഴാം ക്ലാസ്സുവരേയൊ മൂന്നാംഫാറംവരെയോ പഠിച്ചു നിരാശയോടുകൂടി ജീവിക്കുന്നവർക്കും ഉപരിവിദ്യാഭ്യാസത്തിനു ഇതാണു ഉത്തമമായമാർഗ്ഗം.

### കേംബ്രിഡ്ജ സർട്ടിഫിക്കററു് പരീക്ഷ.

ഈ പരീക്ഷ യൂറോപ്പു്, ഏഷ്യാ, ആഫ്രിക്കാ, ആസ്ത്രേലിയാ എന്നീ എല്ലാ ഖണ്ഡങ്ങളിലും വളരെ പ്രചാരത്തിലിരിക്കുന്നതും ഒരോ ഖണ്ഡങ്ങളിലും ഈ പരീക്ഷ നടത്തുന്നതിനു അനേകം പരീക്ഷാസെൻററുകളുള്ളതും ഈ എല്ലാരാജ്യങ്ങളിലും ഇതു് ഉദ്യോഗലാഭത്തിനു ഒരു ഗണ്യമായ പരീക്ഷയായി ഗണിച്ചിട്ടുള്ളതും ആകുന്നു.

ഈ പരീക്ഷ പാസായാൽ ഇംഗ്ലണ്ടിൽ ബാരിസ്റ്റർകോഴ്സിനുംമററും പ്രവേശനം ലഭിക്കുന്നതാണു്. ഇൻഡ്യൻ സർവ്വകലാശാലകളിലെ ബി. ഏ. പരീക്ഷ ജയിച്ചിട്ടുള്ളവർക്കു മാത്രമെ ടി. ബാരിസ്റ്റർകോഴ്സിനു പ്രവേശനം നൽകുകയുള്ളു.

### ഈയാണ്ടത്തെ ക്ലാസ് തുടങ്ങിയിരിക്കുന്നു.

ആറാംഫാറത്തിൽ പഠിച്ചിട്ടുള്ളവർക്കു ഈയാണ്ടത്തെ (൧൯൨൯-ഡിസംബറിലെ) പരീക്ഷയ്ക്കു ചേരാവുന്നതാണു്. ഈയാണ്ടത്തെ പരീക്ഷയ്ക്കു ചേരണമെന്നുള്ള വിദ്യാർത്ഥികൾ ഉടൻ ക്ലാസിൽ ചേരേണ്ടതാണു്. പരീക്ഷയ്ക്കു് ഇനി ൯-മാസമേയുള്ളു.

### സ്കൂൾഫൈനൽവിദ്യാർത്ഥികൾക്കു് ഒരനുഗ്രഹം.

സ്കൂൾഫൈനൽപരീക്ഷയ്ക്കു രണ്ടുപ്രാവശ്യം ചേർന്നിട്ടുള്ളവരും ജയിക്കുന്നകാര്യം സംശയമാണെന്നു വിചാരിക്കുന്നവരും ഈ ക്ലാസിൽ ഉടൻ ചേരുന്നതു ഏററവും നല്ലതാണു്. അവർക്കു എല്ലാവിധത്തിലും ഇതൊരു ദിവ്യമായ അനുഗ്രഹമാണു്. ഇതു പാസായാൽ ഇവിടത്തെ കാളേജിൽ ജൂണിയർ ഇൻറർമീഡിയററു ക്ലാസിൽ പ്രവേശനം ലഭിക്കും.

### സ്പെഷ്യൽ ക്ലാസ്.

ഇംഗ്ലീഷ് സ്വല്പം അറിയാമെന്നുള്ളവർക്കും മാതൃഭാഷയിൽ ഏഴാംക്ലാസ്സുവരെ പഠിച്ചിട്ടുള്ളവർക്കും അടുത്തയാണ്ടത്തെ (൧൯൩൦ ഡിസംബറിലെ) പരീക്ഷയ്ക്കു ചേരാമെന്നുള്ളതാണു്.

### ഫീസുവിവരം.

ഈയാണ്ടത്തെ (൧൯൨൯-ഡിസംബറിലെ) പരീക്ഷയ്ക്കു ബ്രി. രൂപ ൩൦. ൧൯൩൦-ഡിസംബറിലെ പരീക്ഷയ്ക്കു് ബ്രി രൂപ ൧൨൦. ഈ സ്ഥാപനത്തിലെ ഒരുവർഷത്തെ കോഴ്സ് തീർത്തു സർട്ടിഫിക്കററു വാങ്ങിയിട്ടുള്ളവർക്കു ബ്രി. രൂപ ൩൦-മാത്രം. പ്രവേശനഫീസ് രൂപ ൩൦. ഈ തുക ആകെയുള്ള ഫീസിൽനിന്നും കുറവുചെയ്യുന്നതും ബാക്കി മാസംതോറും അടയ്ക്കേണ്ടതും ആകുന്നു.

N. B. കേംബ്രിഡ്ജ് സീനിയർ പരീക്ഷ ജയിച്ചാൽ മൈസൂരിൽ ജൂണിയർ ബി. ഏ. ബി. എസ്. സി. എന്നി ക്ലാസുകളിലും മദ്രാസുപ്രസിഡൻസിയിലുള്ള ഏതുകാളേജിലും ജൂണിയർ ഇൻറർമീഡിയററുക്ലാസിലും പ്രവേശനം ലഭിക്കുന്നതാണു്.

എന്നു് ആർ. അച്യുതൻതമ്പി ബി. ഏ. പ്രിൻസിപ്പാൾ,
ഇംഗ്ലീഷ് കറസ്പാണ്ടൻസ് സ്കൂൾ,
തിരുവനന്തപുരം.

# വിദൂഷകൻ.

# THE MALABAR PUNCH.

പുസ്തകം ൩ } ൧൧൦൮ മേടം. { ലക്കം ൯


## പ്രസാധകക്കുറിപ്പുകൾ.

### വിദൂഷകൻ വീണ്ടും.

ഒന്നരക്കൊല്ലത്തിന മേലായി മുടങ്ങിക്കിടക്കുന്ന വിദൂഷകനിതാ വീണ്ടും അവതരിക്കുന്നു. മുടക്കത്തിനുള്ള കാരണം ഗവമ്മേൻറിൻെറ കടുങ്കയ്യോ, പത്രറെഗുലേഷൻെറ കാഠിന്യമോ മറേറാ ആയിരിക്കണമെന്നു പത്രബന്ധുക്കളിൽ അനേകംപേർ തെററിദ്ധരിച്ചിട്ടുള്ളതായി ഇവിടെക്കിട്ടീട്ടുള്ള പലേ കത്തുകളാലും ഊഹിക്കേണ്ടിവരുന്നു. എന്നാൽ ഗവമ്മേൻറും വിദൂഷകനുമായി ഇതേവരെ യാതൊരുവിരോധത്തിനും മത്സരത്തിനും ഇടയായിട്ടില്ലെന്നുമാത്രമല്ല, പുതിയ നിയമപ്രകാരം ഗവമ്മേൻറാവശ്യപ്പെട്ട ൧൦൦ ഉറുപ്പികയും കെട്ടിവച്ചു ലൈസൻസ് വാങ്ങിയതിനുശേഷം ഒരുലക്കം വിദൂഷകൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരവും വായനക്കാരിൽ പലരും ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. വിദൂഷകൻെറ 'മാനേജ്മെൻറു' സംബന്ധമായി പ്രവൎത്തകന്മാർതങ്ങളിൽ ഒരു മാതിരി ശൈഥില്യമുണ്ടായിപ്പോയതിനാലും അതു പിന്നീട് കോടതിമുഖാന്തിരം പറഞ്ഞുതീൎക്കേണ്ടിവന്നതിനാലുമാണ് വിദൂഷകനിതേവരെ മുടങ്ങിക്കിടക്കേണ്ടിവന്നതെന്നുള്ള വിവരം, ആ വിവരം അറിഞ്ഞിട്ടില്ലാത്ത വിദൂഷകബന്ധുക്കളുടെ അറിവിനായി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. വിദൂഷകൻെറ ആരംഭകാലംമുതൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ആ തൂലികതന്നെ മേലും വിദൂഷകപ്രവൎത്തനം സാധിക്കുന്നതാണെന്നും വിദൂഷകൻെറ സ്വഭാവത്തിലോ നയത്തിലോ വേഷത്തിലോ ഭാഷയിലോ തൽക്കാലം യാതൊരു വ്യത്യാസവും വരുത്തുവാൻ പ്രവൎത്തകന്മാൎക്കു ഉദ്ദേശമില്ലെന്നുംകൂടി എല്ലാവരേയും അറിയിച്ചുകൊള്ളുന്നു. വിദൂഷകമിത്രങ്ങളുടെ സ്നേഹവാത്സല്യാദി പ്രോത്സാഹനങ്ങളാൽമാത്രം നിൎവ്വിഘ്നമായി നടന്നുകൊണ്ടിരുന്ന വിദൂഷകൻ സൎവ്വജാതിമതസ്ഥന്മാരോടും എത്രയും നിഷ്പക്ഷമായും നിൎദ്ദാക്ഷിണ്യമായുമാണ് വൎത്തിച്ചിരുന്നതെന്നുള്ളതു സൎട്ടിഫിക്കററോ സാക്ഷിപത്രമോകൂടാതെതന്നെ സകലരും സമ്മതിക്കുന്നതും സൎവ്വവിദിതവുമാകുന്നു. എന്തെങ്കിലും ഒരു പ്രത്യേകജാതിക്കാരെയോ വൎഗ്ഗക്കാരെയോ, നിറക്കാരെയോ, തരക്കാരെയോ മറേറാ വല്ല പ്രത്യേക കാരണങ്ങളാലും മുഖംനോക്കി സ്തുതിക്കുവാനോ പരിഹസിക്കുവാനോ വിദൂഷകൻ ഒരുകാലത്തും ഒരുങ്ങിയിട്ടില്ലെന്നും ഒരുങ്ങുന്നതല്ലെന്നും വിദൂഷകപ്രകൃതി സൂക്ഷ്മാവലോകനം ചെയ്തിട്ടുള്ളവൎക്കു ധാരാളം ബോദ്ധ്യപ്പെട്ടിരിക്കാവുന്നതാണ്. എന്നാൽ വിദൂഷകൻെറ വിനോദഭ്രമത്തെക്കുറിച്ചു ലാക്കാക്കാതെ നാനാജാതിമതസ്ഥരായ യാതൊരുത്തരേയും ഒഴിച്ചുവിട്ടിട്ടില്ലെന്നുള്ള വാസ്തവവും ഇവിടെ പരസ്യമായി സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷേ ഗവൎമ്മേൻറിനോ ഗവമ്മേൻറുദ്യോഗസ്ഥന്മാൎക്കോ മററാൎക്കെങ്കിലുമോ വെറുപ്പോ വൈരാഗ്യമോ തോന്നത്തക്കവണ്ണം കലുഷമായോ പരുഷമായോ യാതൊന്നും ഇതേവരെ പരസ്യം ചെയ്തിട്ടില്ലെന്നാണ് ഞങ്ങളുടെ അഭിമാനം. കഴിയുന്നതും മൃദുലശീതളമായ രീതിയിൽ ആരെയും കുത്താതെയും വെട്ടാതെയും വെടിവയ്ക്കാതെയും ഫലിതമയമായി കാൎയ്യം പറയണമെ

ന്നുള്ളതാണ് വിദൂഷകാശയമെന്നു ഞങ്ങൾ പണ്ടേ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. എങ്കിലും നേരെനോക്കി പറഞ്ഞാൽ ദ്വേഷ്യംവരുന്ന, നേരമ്പോക്കില്ലാത്ത യോഗ്യന്മാർ ദുർല്ലഭമല്ലാത്ത നമ്മുടെരാജ്യത്തു എല്ലാവരും ഇഷ്ടപ്പെടുന്ന സമ്പ്രദായത്തിൽ എപ്പോഴും എഴുതുവാനോ പറയുവാനോ വിദൂഷകനു സാധിക്കുന്നില്ലെങ്കിൽ അതു വിദൂഷകധർമ്മത്തെ വിഗണിച്ചിട്ടോ വിസ്മരിച്ചിട്ടോ അല്ലെന്നുള്ള പരമാർത്ഥം ആർക്കും മനസ്സിലാഹാവുന്നതാകുന്നു. കേരളത്തിലെ വിനോദചക്രവർത്തികളും ഹാസ്യകേസരികളുമായ എല്ലാ സാഹിത്യരസികന്മാരുടേയും സഹായസഹകരണങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുകയും, എത്രയും അക്ഷമരായോടുകൂടി അനേകകത്തുകളെഴുതി വിദൂഷകൻ പുറപ്പെടാത്ത കാര്യകാരണങ്ങളറിവാൻ വേണ്ട അന്വേഷണം നടത്തിയ വിദൂഷകക്ഷേമകാംക്ഷികളായ പത്രബന്ധുക്കൾക്കു ഏററവും വിനയപൂർവ്വം വന്ദനംപറകയും ചെയ്തുകൊള്ളുന്നു.

*　　　*　　　*

### കൌൺസിലിലേക്കു

## ആരെ അയക്കണം?

നമ്മുടെ കൌൺസിലിലേക്കു ആരെ അയച്ചാലും മതിയെന്നു ഒരു 'പൊതുജനാഭിപ്രായം' നാടൊട്ടുക്കു മുഴങ്ങുന്നു. ആരെയുമയയ്ക്കാതിരുന്നാലും മതിയെന്നു മറെറാരഭിപ്രായവും മുഴങ്ങുന്നു. ചുരുക്കത്തിൽ 'അഞ്ചാറു' ചക്രമുള്ളവരെല്ലാം ഇപ്പോൾ മുപ്പത്തിരണ്ടു താലൂക്കുകളിലുമായി സ്ഥാനാർത്ഥികളായി നിൽക്കുകയാണ്. ഏതു സ്ഥാനത്തു നിന്നാലും ആരുനിന്നാലും "ചക്ര"മുണ്ടായിരുന്നാൽ സർവ്വത്ര ജയിച്ചുകളയാമെന്നാണ് സകലരുടേയും വിചാരം. ഇംഗ്ലീഷ് ഭാഷാജ്ഞാനമില്ലാത്തവൻ കൌൺസിൽമെംബറായാലുള്ള അവസ്ഥ എന്തായിരിക്കുമെന്നു അവിടെച്ചെന്നു "മിഴങ്ങസ്യ" എന്നിരിക്കുന്നവരോടു ചോദിച്ചാലറിയാവുന്നതാണ്. വല്ലവരേയും ബുദ്ധിമുട്ടിച്ച് എഴുതിവാങ്ങിക്കൊണ്ടുപോകുന്ന ഉപന്യാസങ്ങൾ അവിടെ നേരേ വായിക്കാൻപോലുമറിയാതെ ദയനീയമായി കഷ്ടനിക്കുന്നതും പ്രസിഡണ്ടു വല്ലതും ചോദിക്കുമ്പോൾ "തത്താപ്പിത്താ" എന്നുഴറി ഒന്നുംപറയാൻ പാടില്ലാതെ 'മഞ്ഞളി'ക്കുന്നതും മററും കൌൺസിൽഹാളിലെ വിനോദക്കാഴ്ചകളാണ്. കൌൺസിലിൽ പ്രസംഗിക്കുന്നതിനു പകരം സ്വന്തപെട്ടിയിൽനിന്നു, ഉറുപ്പികെട്ടിവച്ചിരിക്കുന്ന അഞ്ചാറു വലിയ മടിശ്ശീലകൾ കൌൺസിലിൽ കൊണ്ടുവന്നു കാണിച്ചാൽ മതിയെന്നോ മറേറാ വല്ല ഏർപ്പാടുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു? ഇനിയും ഈ വരുന്ന കൌൺസിൽമുതല്ക്കു എഴുത്തറിയാൻ പാടില്ലാത്ത മെംബറന്മാർ അവർക്കു പകരം വെളിയിൽനിന്നു യോഗ്യന്മാരെ ആരെയെങ്കിലും പ്രസംഗിക്കാൻ ചട്ടംകെട്ടിക്കൊണ്ടുവന്നു പ്രസംഗിപ്പിച്ചാൽമതിയെന്നുകൂടി ഒരേർപ്പാടു നടപ്പാക്കേണ്ടതായിവരുമെന്നു തോന്നുന്നു. അത്ര വളരെ കൊള്ളരുതാത്ത യോഗ്യന്മാർപ്പോലും മെംബർസ്ഥാനത്തിനു അശ്രാന്തപരിശ്രമം ചെയ്തുവരുന്നുണ്ട്. ഈ സ്ഥാനവും കരസ്ഥമാക്കി 'എം. എൽ. സി.' ആയിപ്പോയാൽ ആണ്ടുതോറും ഗവർമ്മേൻറിലേക്കു കിട്ടിവരുന്ന മുതലെടുപ്പിൽ ഒരംശം "കുത്തിവാരിക്കളയാ"മെന്നോ മറേറാകൂടി ചിലരുദ്ദേശിച്ചിട്ടുണ്ടോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ചട്ടമ്പിമാർക്കും കേ. ഡികൾക്കും റൌഡികൾക്കും മററുമായി വമ്പിച്ച തുകകൾ ചെലവാക്കി വോട്ടറന്മാരെ ഭയപ്പെടുത്തിയും മാന്യന്മാരെ ആക്ഷേപിച്ചും ഭീഷണികൾ പറഞ്ഞു പരിഭ്രമിപ്പിച്ചുംകൂടി വോട്ടുസമ്പാദിക്കാൻ ഭയങ്കരമായ പരിശ്രമങ്ങൾ നടന്നുവരുന്നു. ഏതായാലും ഈവക ബഹളക്കാർക്ക് എല്ലാ ദിക്കിലും വിജയം സിദ്ധിക്കുന്ന പക്ഷം ഈ വരുന്ന നിയമനിർമ്മാണസഭ കേവലം "പത്താംനമ്പരു" സഭയായിരിക്കുമെന്നാണ് പ്രതീക്ഷിക്കേണ്ടതു്. ഇത്തരം മെംബറന്മാർ കൌൺസിലിൽ പോകുന്നതുകൊണ്ടു സർക്കാർഭാഗത്തേക്കു കുറേ കൈപൊക്കിയന്ത്രങ്ങളെസൃഷ്ടിച്ചുവിടാമെന്നല്ലാതെ മറെറന്തൊരു പ്രയോജനമാണിവർമൂലമുണ്ടാവാൻ പോകുന്നതെന്നു ഇവർക്കും ഇവരെ ഉന്തിത്തള്ളിവിടുന്ന വിഡ്ഢികൾക്കുംകൂടി അറിവില്ലെന്നല്ലാതെ മറെറന്താണു വിചാരിക്കേണ്ടതു്?

നി നി. സഭയിലേക്കു ചോദ്യങ്ങളോ പ്രമേയങ്ങളോ അയച്ചാൽ ദിവാൻജിക്കു മനസ്സുണ്ടെങ്കിൽ മാത്രം സ്വീകരിച്ചാൽ മതിയാവും! ഒരുവേള സ്വീകാര്യമായി വന്നാൽപിന്നെ ചിട്ടികിട്ടിയെങ്കിൽ മാത്രമേ പ്രമേയം വാദപ്രതിവാദത്തിനെടുക്കുകയുള്ളു. ദൈവാധീനംകൊണ്ടു ചിട്ടി കിട്ടിയാലും ഗവർമ്മേൻറു കാര്യങ്ങളുടെ ആലോചനയ്ക്കിടയ്ക്കു് സമയം ദീർഘിച്ചുപോകുമെങ്കിൽ പിന്നെയും അതു വെള്ളത്തിൽ തന്നെ. ഈ ദുർഘടങ്ങളെല്ലാം കടന്ന് വാദപ്രതിവാദഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പിന്നെ എതിർക്കാൻ തയ്യാറെടുത്തു നിൽക്കുന്ന ഉദ്യോഗസ്ഥമെംബറന്മാർ, സർക്കാർമച്ചമ്പിമാർ, ലാ മെംബർ മുതലായവരോടു പടവെട്ടണം. ഇതിനിടയ്ക്കു എന്തെങ്കിലും കാരണം

പറഞ്ഞോ പറയാതെയോ ദിവാൻജിക്കു വേണമെങ്കിൽ പ്രസംഗം നിറുത്താൻ പറയാം. ഈ ഘട്ടത്തിൽ എത്തുന്ന പ്രമേയങ്ങൾ ഒരാണ്ടിൽ രണ്ടോ നാലോ പോലും ഉണ്ടാവാറില്ല. ഇങ്ങനെയൊക്കെയായാലും പ്രമേയത്തിനു ഭൂരിപക്ഷം വോട്ടു കിട്ടാൻ വളരെ വിഷമമാണ്. അനുദ്യോഗസ്ഥരിലുള്ള സർക്കാർമെമ്പർമാരെല്ലാം ഗവർമ്മേൻറുഭാഗത്തേയ്ക്കല്ലാതെ വോട്ടുചെയ്യുന്നതല്ല. ഒരുവേള അസാധാരണഭാഗ്യാതിരേകംകൊണ്ടു കൌൺസിലിൽ ഭൂരിപക്ഷം വോട്ടു കിട്ടുകയും പ്രമേയം പാസ്സാകുകയും ചെയ്താലും ഗവർമ്മേൻറിനിഷ്ടമുണ്ടെങ്കിൽ മാത്രം അതു നടപ്പാക്കിയാൽ മതിയെന്നുള്ളതാണ് മറെറാരു ദുർഘടം. കൌൺസിലിൽ എന്തൊരു പ്രമേയം പാസ്സാക്കിവിട്ടാലും അതു നടപ്പാക്കാതിരിക്കാനുള്ള അധികാരം ദിവാൻജിക്കുണ്ട്.

ഇങ്ങനെയിരിക്കെ, വിദ്യാഭ്യാസവും യോഗ്യതയുമുള്ള സമർത്ഥന്മാർതന്നെ വിഷമിക്കുമ്പോൾ വിദ്യാവിഹീനരായ നമ്മുടെ കൈപൊക്കിമെംബറന്മാർ കൌൺസിലിൽ പോയാൽ അവരെക്കൊണ്ടു എന്താണു സാധിക്കാൻ കഴിയുന്നതെന്ന് അവക്കും അവരുടെ കിങ്കരന്മാക്കും ദൈവത്തിനും മാത്രമേ അറിഞ്ഞുകൂടു. ഇക്കൂട്ടരാണു നമ്മുടെ കൌൺസിലിലേക്കു പററിയ യോഗ്യന്മാരെങ്കിൽ, ഇത്തരം യോഗ്യന്മാരെ അയക്കണമെന്നാണ് നാട്ടുകാരുടെ അഭിപ്രായമെങ്കിൽ നിശ്ചയമായും ഇവരെത്തന്നെയാണു അയക്കേണ്ടതെന്ന് ഞങ്ങളും അഭിപ്രായപ്പെടാം. പക്ഷെ വിദ്യാഭ്യാസമുള്ളവരാരും ഇല്ലാഞ്ഞിട്ടാണെങ്കിൽ ഇല്ലാത്തതുകൊണ്ടാണെന്നുള്ള സമാധാനമുണ്ട്. എന്നാൽ വിദ്യാഭ്യാസമുള്ളവരുണ്ടായാലും അവരെ തെരഞ്ഞെടുക്കാൻപാടില്ലെന്നും കൌൺസിലിലേക്ക് വിദ്യാവിഹീനനായ പണക്കാരനെയാണു അയക്കേണ്ടതെന്നും ആക്കെങ്കിലും സിദ്ധാന്തമുണ്ടെങ്കിൽ ആ സിദ്ധാന്തത്തിൻെറ പരമരഹസ്യമെന്താണെന്നാണു വിചാരിക്കേണ്ടതു്? എന്താണെന്നാണു മററുള്ളവർ മനസ്സിലാക്കേണ്ടതു്?

ഈ സംസ്ഥാനത്തെ മുപ്പത്തിരണ്ടു താലൂക്കിലുമുള്ള മാന്യന്മാരേ, യോഗ്യന്മാരേ, നിങ്ങൾക്കു നിങ്ങളുടെ പ്രതിനിധിയായി വിദ്വാനെയല്ല വിഢ്ഢിയെയാണു അയയ്ക്കേണ്ടതെങ്കിൽ വിഢ്ഢിയെത്തന്നെ അയച്ചുകൊണ്ടാലും! അയച്ചുകൊണ്ടാലും!! നിങ്ങളുടെ താലൂക്കിനെ മുപ്പത്തിമൂന്നാമത്തെതാലൂക്കായി എണ്ണിക്കൊണ്ടാലും!!! എണ്ണിക്കൊണ്ടാലും!!!

*　　*　　*

നായന്മാരും

# അവരുടെ പത്രങ്ങളും

—o—

നായന്മാരെയും അവരുടെ പത്രങ്ങളേയുംപററി ചെങ്ങന്നൂർ മി. സീ. ജോൺ ബീ. ഏ. ബഹുരസകരമായ ഒരു ലേഖനമെഴുതിയിരിക്കുന്നു. മിസ്റ്റർ. ജാണിൻെറ എല്ലാ അഭിപ്രായങ്ങളോടും ഞങ്ങൾ യോജിക്കുന്നില്ലെങ്കിലും അതിൽ ഏറെക്കുറെ വാസ്തവമുണ്ടെന്നു ആരും തലകുലുക്കും. മിസ്റ്റർ ജോൺ പറയുന്നതു നായന്മാർ ശ്രദ്ധിക്കേണ്ടതാണ്. നായന്മാരെക്കാൾ കൂടുതലായി നായർപത്രങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നായർപത്രക്കാരെക്കാളും നായന്മാരെക്കാളും കൂടുതലായി ഇതരജാതിക്കാരും ഭരണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്. ആലോചിക്കേണ്ടതുമാണ്. മിസ്റ്റർ ജാൺപറയുന്നതു നോക്കുക.

"വർത്തമാനപ്പത്രങ്ങൾകൊണ്ടു പല സമുദായക്കാക്കും ഗുണമാണുസിദ്ധിച്ചിട്ടുള്ളതെങ്കിലും നായർസമുദായത്തെ സംബന്ധിച്ചിടത്തോളം ദോഷമാണുണ്ടായിട്ടുള്ളതെന്നു പലരും പറയുന്നുണ്ടു്. ഭരണാധികാരികളെ സ്ഥാനത്തും അസ്ഥാനത്തും അധിക്ഷേപിക്കുക, ഇതരസമുദായത്തിൽ അകാരണമായി ദോഷമാരോപിക്കുക, തമ്മിൽ തമ്മിൽ കലഹിച്ചു തൊഴുത്തിൽകുത്തുക മുതലായ കൃത്യങ്ങൾകൊണ്ട് നായർപത്രങ്ങളിൽ ചിലതു സമുദായത്തിനു ദോഷമായി ഭവിച്ചിട്ടുണ്ടു്. ഭരണാധികാരികൾക്കു നായന്മാരോടു വിരോധമുണ്ടായിട്ടുണ്ടെങ്കിൽ, ഇതരജാതിക്കാക്കു നായന്മാരോടു നീരസമാണെങ്കിൽ അതിനൊക്കെ കാരണക്കാർ നിരുത്തരവാദികളായ ചില നായർപത്രപ്രവർത്തകന്മാർ മാത്രമാണ്. സകല ജാതിക്കാർക്കും എന്തുസഹായവുംചെയ്യാൻ സന്നദ്ധരും എന്തുത്യാഗമനുഷ്ഠിക്കാനും സുസ്മേരവദനരായി മുന്നോട്ടുവരുന്നവരും രാജ്യത്തിനു ദോഷംവരുന്നതു തങ്ങൾക്കു ദോഷംവരുന്നതിനു തുല്യമാണെന്നു ഗണിക്കുന്നവരും നായന്മാർതന്നെ. എന്നാൽ ബ്രാഹ്മണക്കു നായരോടു വിരോധം. ക്രിസ്ത്യാനിക്കു നായരോടു വിരോധം. ഈഴവക്കു നായരോടു വിരോധം. ഭരണാധികാരികൾക്കു നായന്മാരോടു വിരോധം. എന്നുവേണ്ട നായക്കും നായന്മാരോടു വിരോധം. ഇതെന്തുകഷ്ടമാണ്? പത്രങ്ങളാണ് കാരണമെന്നു ഞാൻ പറഞ്ഞല്ലൊ. വാസ്തവമാണെന്നു ആരും സമ്മതിക്കും. പേഷ്കാർ മി. ആർ കൃഷ്ണപിള്ളയെ ദ്രോഹിച്ചതു നായർപത്രങ്ങളാണ്. ഡാക്ടർ തമ്പിയെ ദ്രോഹിച്ചതു നായർപത്രങ്ങളാകുന്നു. ഡാക്ടർ കെ. പീ. രാമൻപിള്ളയെ ദ്രോഹിച്ചതും നായർപത്രങ്ങളാകുന്നു. എ

ങ്ങിനെ ദ്രോഹിച്ചു? മനഃപൂർവ്വമല്ല. ഡാക്ടർ ലക്ഷ്മണനെ നായർപത്രം അധിക്ഷേപിച്ചതിനു കാരണഭൂതർ ഡാക്ടർ തമ്പിയും ഡാക്ടർ കെ. പീയുമാണെന്നാണു ഡാക്ടർ ലക്ഷ്മണന്റെ വിശ്വാസം. കാരണം പത്രപ്രസ്താവനകൾ വായിക്കുന്നവർക്കു മുൻപറഞ്ഞവരുടെ പ്രേരണയാൽ ഡാക്ടർ ലക്ഷ്മണനെ ആക്ഷേപിച്ചിരിക്കുന്നതായി തോന്നും. ചുരുക്കത്തിൽ "എന്റെ സ്നേഹിതന്മാരിൽനിന്നും എന്നെ രക്ഷിക്കണേ" എന്നു പറയാൻ നായർ ഉദ്യോഗസ്ഥന്മാർക്കിടവരുന്നു......"

മേല്പടി മിസ്റ്റർ സി. ജാൺ ബീ. ഏ. എഴുതിയിരിക്കുന്നതുപോലെയാണ് സങ്ഗതികളെങ്കിൽ ഇവിടത്തെക്കഥ 'ലജ്ജാകരം, ലജ്ജാകര' മെന്നൊത്രതവണ പറഞ്ഞാൽ മതിയാവും? നായർപത്രക്കാർ നിരുത്തരവാദികളാണെന്നറിയാമായിരിക്കെ, ആ പത്രപ്രസ്താവനകളെ അടിസ്ഥാനമാക്കിക്കൊണ്ട് നായന്മാരോടു "വിരോധം" കാട്ടുന്ന "ഭരണാധികാരി"കളും "നീരസം" പ്രകടിപ്പിക്കുന്ന "ഇതരജാതിക്കാ"രും നിരുത്തരവാദികളായ മേല്പടി നായർപത്രക്കാരെക്കാളും നിരുത്തരവാദികളും നിന്ദ്യന്മാരുമാണെന്നുള്ളതിൽ സംശയിപ്പാനെന്തുള്ളു? മാത്രമല്ല, "എന്തുസഹായവും ചെയ്വാൻ സന്നദ്ധരും എന്തുത്യാഗവുമനുഷ്ഠിക്കുവാൻ സുസ്മേരവദനരായി മുന്നോട്ടു വരുന്നവരും" മററുമായ യോഗ്യന്മാരുള്ള ആ സമുദായത്തോടു "നീരസം" കാട്ടുന്ന ഇതരജാതിക്കാരുടേയും "വിരോധം" കാട്ടുന്ന ഭരണാധികാരികളുടേയും സ്ഥിതി നിരുത്തരവാദികളായ പത്രക്കാരുടെ സ്ഥിതിയേക്കാളും കഷ്ടാൽകഷ്ടതരമെന്നല്ലാതെ മറെറന്താണു പറയേണ്ടതു്? പേഷ്കാർ മി. ആർ. കൃഷ്ണപിള്ള ഡാക്ടർ തമ്പി, ഡാക്ടർ കെ. പി. എന്നീ യോഗ്യന്മാരെ ദ്രോഹിച്ചതു കേവലക്കാരായ ചില വർത്തമാനപ്പത്രക്കാരുടെ 'പിറ' ലേഖനങ്ങളാണെന്നു മി. സീ. ജാൺ ബീ. ഏ. ഉത്തമവിശ്വാസത്തോടുകൂടി പ്രസ്താവിച്ചിരിക്കുന്നതു വായിച്ചപ്പോൾ ഞങ്ങൾക്കു വല്ലാത്ത അത്ഭുതവും ചിരിയുമാണുണ്ടായതു്. ഈ യോഗ്യന്മാർക്കു വല്ലദ്രോഹവുമുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെയൊക്കെ ഉത്തരവാദിത്വം മേല്പടി നിരുത്തരവാദിപ്പത്രങ്ങളുടെ തോളിൽ വയ്ക്കുന്നതിനെക്കാൾ അന്നത്തെ അപ്രാപ്തഗവമേർമെന്റിന്റെ തലമണ്ടയിൽകെട്ടിവയ്ക്കുന്നതാണെത്രയും സമുചിതമായിട്ടുള്ളതെന്നാണ് ഞങ്ങളുടെ അഭിപ്രായം. നായർപത്രക്കാരെപ്പററി സി. ജാൺ പറയുന്ന ഇതരസങ്ഗതികളോടു ഞങ്ങൾ പൂർണ്ണമായി യോജിക്കുകയും മി. ജാണിന്റെ നായർപത്രക്കാരും "ഇതരജാതിക്കാരും" "ഭരണാധികാരികളും" മററും കുറേക്കൂടി ഉത്തരവാദികളായിക്കാൺമാൻ സർവ്വശക്തനോടു പ്രാർത്ഥിക്കുകയുംചെയ്യുന്നു.

—:*:—

# ശുദ്ധമേ വെടി.

ഈ വരുന്ന തെരഞ്ഞെടുപ്പിനു മി. ജീ. രാമൻമേനവൻ വിജയിയാകുന്ന പക്ഷം അദ്ദേഹത്തിന്റെ പക്ഷക്കാരെല്ലാംകൂടി ഈ ലോകത്തിൽവച്ച് ഏററവും വലിയ ശ്രവണശക്തിയുള്ള ഒരു 'മഹാശ്രവണയന്ത്രം' വരുത്തുവാൻ ആലോചിച്ചിരിക്കുന്നതായും അതു് തിരുവനന്തപുരത്തെ ജൂബിലി ടൌൺഹാളിലെ ഒരു മഹായോഗദിവസം തക്കതായ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിനു സമ്മാനിപ്പാൻ നിശ്ചയിച്ചിരിക്കുന്നതായും ഈയിടെ ഒരു വിദ്വാൻ സ്വപ്നം കണ്ടിരിക്കുന്നുവത്രെ.

*　　*　　*

ലാക്കാളേജ് പ്രൊഫസ്സറന്മാർ നിയമനിർമ്മാണസഭാസ്ഥാനാർത്ഥികളായി നിൽക്കുവാൻ പാടില്ലെന്നു ഗവർന്മേൻറു വിരോധിച്ചിട്ടുണ്ടെങ്കിലും 'അഫിഷ്യൽ റിസീവറ' ന്മാർക്കു സ്ഥാനാർത്ഥികളായി നിൽക്കാമെന്നു തീരുമാനിച്ചിരിക്കുന്നതു്, മേല്പടി പ്രൊഫസർസ്ഥാനവും റിസീവർസ്ഥാനവും കിഴക്കെ കോട്ടവാതുക്കൽവച്ചു ത്രാസിലിട്ടു തൂക്കിനോക്കിയതിൽ റിസീവർസ്ഥാനത്തിനു കൂടുതൽ ഘനവും തൂക്കവുമുള്ളതായി കണ്ടുപിടിച്ചിരിക്കുന്നതിനാലാണെന്നു 'ലാമെംബറി'ന്റെ ഒരു അയൽപക്കക്കാരൻ പ്രസ്താവിച്ചിരിക്കുന്നു.

*　　*　　*

ചെങ്ങന്നൂർ താലൂക്കിൽനിന്നും നി. നി. സ. സ്ഥാനാർത്ഥികളായി നിന്നിരുന്ന മെസ്സേഴ്സ് കല്ലൂർ നാരായണപിള്ള, എം. ആർ. മാധവവാര്യർ എന്നീ യോഗ്യന്മാർ പിൻമാറിയിരിക്കുന്നതു് പരിത്രയും നിർമ്മലവും അത്യന്താവശ്യകവുമായിത്തീർന്നിട്ടുള്ള 'ഹിന്ദുക്രിസ്ത്യൻമൈത്രി' യെ പരിപാലിക്കുന്നതിനാണെന്നും, അല്ലാതെ 'ഇലക്ഷൻ' ഫണ്ടുകളും ഉദ്ധാൻസുകളും തട്ടിമൂളിക്കുന്ന വിദ്വാന്മാർ വിളംബരമടിക്കുന്നതുപോലുള്ള യാതൊരു രഹസ്യവും അവരുടെ ആ പരസ്യപ്രവൃത്തിയിൽ അന്തർഭവിച്ചിട്ടില്ലെന്നും മററും ചെങ്ങന്നൂർനിന്നും മോട്ടോർവഴി കൊല്ലത്തെത്തിയ മിസ്റ്റർ മണിബാഗ് (ബി.എ. ബി. എൽ. എൽ.) റെയിൽവേ സ്റ്റേഷനിൽ വച്ച് ഗംഭീരമായ ഒരു പ്ളാററുഫാറപ്രസംഗം നടത്തിയിരിക്കുന്നു. (തുടരും)

# അസൂയക്കാരന്റെ അരങ്ങേററം.

— o —

(അസൂയക്കാരൻ)

വിദൂഷകൻ ചത്തെന്നു കേട്ട് നാം വളരെ സന്തോഷിച്ചിരിക്കുകയായിരുന്നു. വേണെങ്കിൽ വിദൂഷകന്റെ ചാക്കാലയും 'സഞ്ചാന്യ'വും പിന്നൊരു പുലകുളിസ്സദ്യയും സ്വന്തം കയ്യിനാലെ കഴിച്ചു കളയാൻകൂടി നാം തയ്യാറായിരുന്നു. പക്ഷെ, ഈ ദുർഘടക്കാരനെങ്ങാൻ "വിദൂഷകൻ ചത്താലേ" എന്നോ മറേറാ വല്ല വിഷയവും തപ്പിപ്പിടിച്ചുകൊണ്ടു വീണ്ടും ശ്രീയേശുക്രിസ്തുവിനെപ്പോലെ പ്രത്യക്ഷമായെങ്കിലോ എന്നൊരലാഹവും ചില്ലറ സംശയവും ഇല്ലാതിരുന്നില്ല. അതുകൊണ്ട് ആ വകയെല്ലാന്നും ഇടയായില്ലെന്നേയുള്ളു. എങ്കിലും 'വിദൂഷകചരമ'ത്തെപ്പററി ഇപ്പോഴത്തെ യുവകവികളുടെ ഗാന്ധാരീതിയിൽ കുറെ 'ലൈൻസ്' എഴുതി ഭദ്രമായിവച്ചിട്ടുണ്ട്. അടുത്ത തവണ പ്രസിദ്ധപ്പെടുത്തുവാൻ വിരോധമില്ലെങ്കിൽ അതുംകൂടി അങ്ങോട്ടയച്ചുതന്നേക്കാം. വിദൂഷകനെന്തെല്ലാം കുണ്ടാമണ്ടികളാണുണ്ടാക്കിക്കൊണ്ടിരുന്നതു? അതിന്റെയൊക്കെ പ്രതിഫലമായും ശിക്ഷയായും ഇതിലും കവിഞ്ഞ ദീർഘകാലമുടക്കമോ അസാധാരണ അവധിയോ മുക്കാലേമുണ്ടാണിമരണമോ ഒക്കെ വേണ്ടതായിരുന്നു എന്നാണ് നമ്മുടെ അന്നത്തേയും ഇന്നത്തേയും അഭിപ്രായം. വിദൂഷകനാപ്പീസിൽതന്നെ അന്തഃഛിദ്രവും വഴക്കുമാണെന്നു കേട്ടപ്പോൾ നമുക്കു ബഹുരസം തോന്നി. ഈ വിശേഷം കേട്ട ദിവസം നല്ല പരിപൂർണ്ണതൃപ്തിയോടെ ഊണുകഴിച്ചുവെന്നു മാത്രമല്ല, അഞ്ചാറിഷ്ടന്മാരെ ക്ഷണിച്ചുവരുത്തി പൊടിപൂരമായിട്ടൊരു കാപ്പിസ്സദ്യയും കൂടി നടത്തിക്കൊടുത്തു. അത്ര സന്തോഷവും ഉന്മേഷവും രാഗദ്വേഷവുമുണ്ടായിരുന്നു — വിദൂഷകന്റെനേക്ക് — അത്രപ്പിഴച്ച പ്രകൃതവും വിളഞ്ഞ വികൃതിയുമുള്ള 'ദൂഷക'പ്പത്രങ്ങൾ പിന്നെയും ബാക്കിയെത്രത്രെയോ ഉണ്ടായിരുന്നു? ബാക്കിയുണ്ടായിരുന്നതിന്റെയൊക്കെ തല മണ്ണുകപ്പാൻ തക്കവണ്ണം ക്ഷത്രിയനിഗ്രഹത്തിനു ശ്രീപരശുരാമനെന്നവണ്ണം അവതരിച്ച ആ പ്രസിദ്ധപ്പെട്ട 'പത്രറെഗുലേഷനും' കൂടി പുറത്തുവന്നപ്പോൾ നമുക്കുണ്ടായ ആഹ്ലാദവും ആനന്ദവുമൊന്നും പറഞ്ഞറിയിക്കത്തക്കതല്ല. ഭാര്യ മരിച്ചാലുംകൂടി ഒരുവനു അത്ര വളരെ ആഹ്ലാദവും ആനന്ദവുമുണ്ടാവുമോ എന്നു സംശയമാണ്. അത്ര വളരെ ആനന്ദവും ആഹ്ലാദവുമായിരുന്നു. അതിൽപിന്നെ വർത്തമാനപ്പത്രക്കാരുടെ സ്വരവും നയവും മട്ടുംമാതിരിയുമെല്ലാം മാറി വർണ്ണനായോഗ്യമായിത്തീൎന്നുവെന്നുമാത്രമല്ല, ശേഷിച്ചവയെല്ലാം എത്ര വിനയവും മര്യാദയും യോഗ്യതയും ബഹുമതിയും ആദരവും ഭക്തിയും മററുമാണ് പ്രകടിപ്പിച്ചു തുടങ്ങിയതു്? അതിൽ പിന്നീട് നമ്മുടെ ഗവർന്മേൻറ് ഒന്നാന്തരം; ദിവാൻജി മിടുമിടുക്കൻ; ചീഫ്സിക്രട്ടറി കെങ്കേമൻ; ഉദ്യോഗസ്ഥന്മാരെല്ലാം ബഹുയോഗ്യന്മാർ. പിന്നെ ഭരണത്തിന്റെ കഥ പറയാനുമില്ലല്ലൊ. "ഇന്ദ്രനോടൊക്കും സ്വാമി ചന്ദ്രനോടൊക്കും ഭവാൻ" എന്നിത്യാദി കീർത്തനങ്ങളും സ്തുതികളും കൊണ്ടു് പത്രങ്ങൾ നിറഞ്ഞു. ഏകദേശം ഒരു കൊച്ചു താലൂക്കോളം വരുന്ന ഒരുലക്ഷത്തി അൻപതിനായിരം ഏക്കർ സ്ഥലം ബ്രൂക്ക്ബാണ്ടുകമ്പനിക്കാൎക്കു തീറാധാരമെഴുതിക്കൊടുക്കുന്നതുംകൂടി എത്രയും പ്രശംസനീയവും അഭിനന്ദനീയവുമായിത്തീൎന്നു. സർക്കാർസർവീസുകാരും അല്ലാത്ത സർവീസുകാരും ഒക്കെക്കൂടി ചെണ്ട കൊട്ടാനും ആർപ്പുവിളിക്കാനും തുടങ്ങി. നമുക്ക് അത്യന്ത സന്തോഷവുമായി. യോഗ്യന്മാർ തിരുവിതാംകൂറിന്റെ അകത്തുണ്ടെന്നു ബോദ്ധ്യവുമായി. പിന്നെ ബാക്കിയുള്ള തിരുവിതാംകൂറിന്റെ ബാക്കിയുംകൂടി വല്ല സായിപ്പന്മാൎക്കോ കമ്പനിക്കാൎക്കോ മററാ 'കയ്യിട്ടി'ച്ചുകളഞ്ഞാൽപിന്നെ ആ സൊല്ലയും തീൎന്നല്ലൊ.. "അതിനുംകൂടി നല്ലൊരു കമ്പനിക്കാർ വന്നുചേരണേ എന്റെ പൊന്നു ഭഗവാനെ!" എന്നു നാം ഒരു പ്രാർത്ഥനയും പ്രാൎത്ഥിച്ചു. ശ്രീമാൻ വാട്ട്സ് സായിപ്പു എത്രയോ ബുദ്ധിമാൻ? അദ്ദേഹം ഇവിടുള്ളപ്പോൾ ഇതിലും വലിയ വലിയ കമ്പനിക്കാരിവിടെ വന്നു ചേരാതിരിക്കില്ല; നിശ്ചയം. ആ പത്രറെഗുലേഷൻ അഥവാ പ്രെസ്സ്ലാ ഏൎപ്പെടുത്തിയ ബുദ്ധികൌശലമോൎത്താൽ തന്നെ സായിപ്പിനെ എത്രമാത്രം ശ്ലാഘിക്കേണ്ടിയിരിക്കുന്നു?

* * *

ഈ സായിപ്പുവർകൾ മറെറാരു മിടുമിടുക്കു കാണിച്ചതും നമുക്കു വളരെ രസിച്ചു. തിരുവിതാംകൂറിനു വെളിക്കുകിടന്നു വലിയ "കുര"കുരച്ചുകൊണ്ടിരുന്ന ശ്രീവാഴുംകോട്ട്, വീരകേരളൻ മുതലായ പത്രങ്ങളെ ഭസ്മമിട്ടടക്കിയതുപോലെ അടക്കിക്കളഞ്ഞതും എത്രയോ വെടിപ്പും വിശേഷവുമായി! 'കടൽച്ചുങ്കറെഗുലേഷൻ, കടൽച്ചുങ്കറെഗുലേഷൻ' എന്നിങ്ങനെ കേട്ടിട്ടുള്ളതല്ലാതെ അതിന്റെ അൎത്ഥവും ഗൌരവവും എത്രോളമുണ്ടെന്നു മനസ്സിലാക്കിയിട്ടില്ലാത്ത വിഡ്ഢികളെ അതു വേണ്ടവണ്ണം മനസ്സിലാക്കിക്കൊടുത്തതും നമുക്കു വളരെ പിടിച്ചു. കെങ്കേമമായി. അസ്സലായി. അഭിനന്ദനീയം അഭിനന്ദനീ

യമെന്ന് എത്ര തവണ പറഞ്ഞിട്ടും പിന്നെയും പിന്നെയും പറയാൻതോന്നുന്നു. ഇത്രയുമൊക്കെയായിട്ടും നമ്മുടെ നാട്ടുകാരാണെങ്കിൽ അവർ അനങ്ങിയതേയില്ല. മിണ്ടിയതേയില്ല. ശബ്ദിച്ചതേയില്ല. പത്രക്കാർക്ക് ആപത്തു പിണഞ്ഞെങ്കിൽ അവരുടെ പാട്. നമുക്കു നമ്മുടെ പാട്. ഗവർമ്മേൻറിന് ഗവർമ്മേൻറിൻെറ പാട്. ഇങ്ങനെ അവരവർക്ക് അവരവരുടെപാട് എന്നും പറഞ്ഞിരുന്നുകളഞ്ഞ യോഗ്യന്മാരാണെങ്കിൽ അവരും മഹായോഗ്യന്മാർ. മഹാ രസികന്മാർ. മഹാധീരവീരശൂരന്മാർ. ഗവർമ്മേൻറിൻെറ ഏതു പ്രവൃത്തികളേയും എപ്പോഴും സ്തുതിക്കാനും വർണ്ണിക്കാനും വാഴ്ത്താനും അഭിനന്ദിക്കാനും തയ്യാറുള്ള ഇത്തരം "പൊതുജനങ്ങൾക്ക്" തിരുവിതാംകൂറിൽ ഒട്ടും പഞ്ഞമില്ല. ഇക്കൂട്ടത്തിൽ ബ്രാഹ്മണരുണ്ട്. ക്രിസ്ത്യാനികളുണ്ട്; നായന്മാരുണ്ട്; ഈഴവരുണ്ട്; എല്ലാവരുമുണ്ട്. പക്ഷെ അവരിൽ ചിലർക്ക് ഉദ്യോഗം കിട്ടണം. ചിലർക്ക് പുതുവലു വേണം. ചിലർക്ക് കൺട്രാക്റ്റും കുത്തകയും വേണം. ചിലർക്ക് കൃഷിവായ്പയും ഗ്രാൻറും വേണം. ഇങ്ങനെയിങ്ങനെ ഓരോരോ സൌജന്യങ്ങളും സഹായങ്ങളും എല്ലാവർക്കുംവേണം. അത്രതന്നെ. ഗവർമ്മേൻറന്തുചെയ്താലും കൊള്ളാം. എന്തായാലും കൊള്ളാം.

"ഉലക്കേടെമൂട്ടാ-
ണെനിക്കെന്തു ചേതം?"

അത്രേ ഉള്ളു.— * *

ഇത്തരം മഹായോഗ്യന്മാരെപ്പോലെ യോഗ്യന്മാരായി മറെറാരുതരം പൊതുജനങ്ങളുണ്ട്. അക്കൂട്ടത്തിലും നാനാജാതിമതക്കാരുണ്ട്. അവർക്കാണെങ്കിൽ ഗവർമ്മേൻറു തുപ്പിയാലും തുമ്മിയാലും അവർക്കിഷ്ടമില്ല. ഗവർമ്മേൻറു ഉണ്ടാലും ഉറങ്ങിയാലും അവർക്കിഷ്ടമില്ല. എന്തിനുമേതിനും എവിടെയും എപ്പോഴും "ഗവർമ്മേൻറിനു വിരോധമായി നില്ക്കുക" എന്നുള്ളതാണ് അവരുടെ മുദ്രാവാക്യം. എങ്കിലും അവർക്കു പ്രത്യേകതാല്പര്യമുള്ള സംഗതികളിൽ മാത്രം അവർ ഗവർമ്മേൻറിനെ ആക്ഷേപിക്കും. ശകാരിക്കും. പത്രത്തിലെഴുതും. കുററപ്പെടുത്തും, പ്രതിഷേധിക്കും, മഹായോഗം നടത്തും, നിശ്ചയംപാസ്സാക്കും, കമ്പിയടിക്കും. ഇതാണ് ഇക്കൂട്ടരുടെതൊഴിൽ. ഇങ്ങനെ സർക്കാർസേവക്കാരും സർക്കാർവിരോധക്കാരുമായി പ്രധാനപ്പെട്ട രണ്ടുകക്ഷിക്കാർ ഇന്നുമെന്നും തിരുവിതാംകൂറിലുണ്ട്. പിന്നെ പ്രാധാന്യമില്ലാത്ത അനവധി കക്ഷിക്കാരും പക്ഷക്കാരുമുണ്ട്. കക്ഷിയും പക്ഷവുമൊന്നും ഇല്ലാത്തവരുമുണ്ട്. എല്ലാവരുമുണ്ട്. ഇക്കൂട്ടത്തിൽനിന്നുവേണം നമ്മുടെ നിയമനിർമ്മാണസഭയ്ക്കു മെംബറന്മാരുണ്ടാവാൻ. മെംബറന്മാരെന്നുവച്ചാൽ ഒന്നാന്തരം മെംബറന്മാരാണുവേണ്ടതു്. ഒന്നാന്തരംമെംബറന്മാർ ആരെല്ലാമെന്നറിയണമെങ്കിൽ ഇപ്പോഴത്തെ വിജ്ഞാപനങ്ങളെല്ലാം ഒന്നൊഴിയാതെ വായിക്കണം. എത്രയെത്ര നോട്ടീസുകളും വിജ്ഞാപനങ്ങളുമാണിപ്പോൾ കാററത്തു കരിയിലകൾപോലെ പറന്നു നടക്കുന്നതു്? * * *

വിജ്ഞാപനമെല്ലാംതന്നെ അത്യന്തം സരസവും സാരഗർഭവുമാണ്. "ഇക്കൊല്ലത്തേക്കു ഞാനും ഒരു നി. നി. സ. സ്ഥാനാർത്ഥിയാണ്. എനിക്കു ലക്ഷക്കണക്കിനു പണമുണ്ട്. എൻെറ പണമെല്ലാം ഞാൻ എനിക്കുവേണ്ടി വോട്ടുചെയ്യുന്ന വോട്ടറന്മാർക്കും എനിക്കുവേണ്ടി അത്യന്തപരിശ്രമംചെയ്യുന്ന ഏജൻറന്മാർക്കുമായി വീതിച്ചുകൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. മാന്യരേ! പരോപകാരിയായി ജീവിക്കുന്ന എനിക്കുവേണ്ടി വോട്ടുചെയ്യുവിൻ! വോട്ടു ചെയ്യുവിൻ!!......ഇതാണത്രേ ഒരു സ്ഥാനാർത്ഥിയുടെ വിജ്ഞാപനകാഹളം. ഇതാണത്രേ അയാളുടെ യോഗ്യത! അയാളുടെ മിടുമിടുക്ക്!!

ഈ 'അസൂയക്കാ'രനുംകൂടി പണക്കാരനെന്നു പെരുമ്പറയടിക്കുന്ന ആ വൈശ്രവണനോടൊട്ടും അസൂയ തോന്നുന്നില്ല. "മരമില്ലാത്ത നാട്ടിങ്കലാവണക്കാണുവമ്പരം" എന്നു പറഞ്ഞതുപോലെ മററു യാതൊരുവക യോഗ്യതകളുമില്ലാത്തവൻ അവൻെറ സർവ്വയോഗ്യതകളും അവൻെറ പണത്തിലാണിരിക്കുന്നതെന്നു ഡിണ്ഡിമമടിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. കേവലം എഴുത്തറിയാൻ പാടില്ലാത്തവനും പ്രസംഗിക്കാൻ വശമില്ലാത്തവനും ഒന്നിനും കൊള്ളാത്തവനും കൊള്ളരുതാത്തവനും പൊട്ടനും കുരുടനും മൊണ്ടിയും മുടന്തനും എല്ലാവനും 'സ്ഥാനാർത്ഥി, സ്ഥാനാർത്ഥി' എന്നും പറഞ്ഞു പല താലൂക്കുകളിലും പൊക്കേ കേറിനില്ക്കുന്നുണ്ട്. വിജ്ഞാപനമടിച്ചുവിടുന്നുണ്ട്. പണം ചെലവാക്കുന്നുണ്ട്. വണ്ടിയും കാറും ഏർപ്പാടു ചെയ്യുന്നുണ്ട്. ഏജൻറന്മാരെ ഏർപ്പെടുത്തുന്നുണ്ട്. എതിരാളിയെ ചീത്തപറയുന്നുണ്ട്. കുററംപറയുന്നുണ്ട്. ആക്ഷേപിക്കുന്നുണ്ട്. ഇതോടുകൂടി താൻ മഹായോഗ്യനും മഹാസമർത്ഥനും മഹാവിദ്വാനും മഹാസമ്പന്നനുമാണെന്നു തെളിയുന്നുണ്ട് — എതിരാളിയാണെങ്കിൽ മണ്ടനാണ്; വിഡ്ഢിയാണ് ഒന്നിനും കൊള്ളാത്തവനാണ് — ചക്രമില്ലാത്തവനാണ് – തെണ്ടിയാണ്. എന്നൊക്കെക്കൂടി കൊട്ടിഘോഷിച്ച് അച്ചടിപ്പിച്ചു വിട്ടുകളഞ്ഞാലോ പിന്നെ എന്തൊരുസുഖവും രസവുമാണിവർക്ക്! ഇങ്ങനെവരാൻപോകുന്നതെര

ഞ്ഞെടുപ്പടിയന്തിരത്തിന്റെ പ്രാരംഭലക്ഷണങ്ങളെല്ലാം കണ്ടുതുടങ്ങിയിരിക്കുന്നു. എല്ലാത്താലൂക്കുകളിലും ഇത്തരം വിജ്ഞാപനങ്ങളും പ്രസംഗങ്ങളും നോട്ടീസുകളും എഴുത്തുകളുംകൊണ്ടുള്ള ബഹളങ്ങളും വർത്തമാനങ്ങളും കൊണ്ടുതന്നെ എത്രയും മോട്ടോർവേഗത്തിൽ ദിവസംകഴിഞ്ഞുപോകയും തെരഞ്ഞെടുപ്പുദിവസം അടുത്തടുത്തു വരികയുംചെയ്യുന്നു.

* * *

പഞ്ചാബിൽ ചില പ്രമാണികൾകൂടി ഒരുക്ഷൌരക്കാരനെ കൌൺസിലിലേക്കയച്ചതും അവൻ അവന്റെ ആയുധവുമായി കൌൺസിലിലേക്ക യാത്രയായതുമായ കഥ പലരും കേട്ടിരിക്കാനിടയുണ്ട്. അതുപോലെ ഈ കൌൺസിലിലേക്ക നമ്മുടെക്കൂട്ടത്തിലുള്ള യോഗ്യന്മാരെയല്ല, നിരക്ഷരകുക്ഷികളേയും മിണ്ടാപ്രാണികളേയും വിദ്യാവിഹീനരേയുമാണ് അയയ്ക്കേണ്ടതെന്നാത്രേ നമ്മുടെ അഭിപ്രായം. തിരുവിതാംകൂറിലെ ജഡ്ജിഗല്ലികളായിട്ടുള്ള മഹാരഥന്മാർ പലരും കൌൺസിലിൽ പോയി വന്നിട്ടുണ്ടെങ്കിലും അവരെയാരെക്കൊണ്ടും ഗണനീയമായി എണ്ണത്തക്കവണ്ണം യാതൊരു 'ചുക്കുംചുണ്ണാമ്പും' സാധിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു എത്രയും സുപ്രസിദ്ധമാകുന്നു. വളരെക്കാലംമുമ്പേ "ഉത്തരവാദിത്വഭരണം, ഭരണം" എന്നു പാടിക്കൊണ്ടിരുന്ന പല്ലവിതന്നെ ഇന്നും പാടിക്കൊണ്ടിരിക്കുന്നു. ഈ കൌൺസിലിൽ നൂറോ നൂറ്റിഅൻപതോ ചോദ്യംചോദിച്ചാൽ വല്ലപ്പോഴും ചിട്ടികിട്ടുമെങ്കിൽ ഒന്നോ രണ്ടോ ചോദ്യത്തിനു ഉത്തരംകിട്ടിയാലുമായി. ഇല്ലെങ്കിലുമായി. പത്തുമഞ്ഞൂറും പ്രമേയങ്ങളയച്ചാൽ കഷ്ടിച്ച് രണ്ടോ നാലോ പ്രമേയങ്ങൾ വാദപ്രതിവാദത്തിനു എടുത്തേക്കാൻമതി. എടുക്കാതിരിക്കാനുംമതി. ഭാഗ്യച്ചിട്ടിപോലെ! ഇക്കഴിഞ്ഞ മൂന്നു കൊല്ലത്തിനകം എട്ടോ പത്തോ പ്രമേയങ്ങളിലധികം വാദപ്രതിവാദത്തിനെടുത്തിട്ടില്ലത്രെ. ഇപ്രകാരമുള്ള ഈ കൌൺസിലിലേക്ക യോഗ്യന്മാരെ അയയ്ക്കുന്നതെന്തിന്? യോഗ്യന്മാർ പോകുന്നതെന്തിനു? നമ്മുടെ അസൂയാധിക്യംകൊണ്ടാണിങ്ങനെ നാം അഭിപ്രായപ്പെടുന്നതെന്നാരും തെറ്റിദ്ധരിക്കരുതേ. വാസ്തവമാലോചിച്ചു നോക്കുന്നതായാൽ യോഗ്യന്മാരെ അയയ്ക്കുന്നതിനെക്കാൾ അയോഗ്യന്മാരെ അയയ്ക്കുന്നതാണ് നാട്ടിനും നാട്ടുകാർക്കും ഉപകാരപ്രദവും പ്രയോജനകരവുമായിത്തീരുന്നതെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആകയാൽ ഇത്തവണത്തേക്ക യോഗ്യന്മാരെല്ലാം പിന്മാറുകയും, നമ്മുടെ രാജ്യത്തെ നിരക്ഷരകുക്ഷികൾക്കും, മിണ്ടാപ്രാണികൾക്കും ചുരുക്കിപ്പറഞ്ഞാൽ വിദ്യാവിഹീനക്കെല്ലാം

# * തെരഞ്ഞെടുപ്പുബഹളം.

(വിദ്യുജ്ജിഹ്വൻ.)

ബഹളമെന്നുവച്ചാൽ വലിയബഹളംതന്നെ. വീട്ടിലും നാട്ടിലുംബഹളം. വണ്ടിയിലും വള്ളത്തിലുംബഹളം. കമ്പോളത്തിലും കച്ചേരിയിലും ബഹളം. പത്രത്തിലും സത്രത്തിലും ബഹളം. ഭൂമിയിലും ആകാശത്തിലും ബഹളം. മുക്കിലും മൂലയിലും ബഹളം. ഉണ്ണുന്നിടത്തും ഉറങ്ങുന്നിടത്തും ബഹളം. പോകുന്നിടത്തും വരുന്നിടത്തും ബഹളം. തിരിയുന്നിടത്തും പിരിയുന്നിടത്തും ബഹളം. ഷാപ്പിലുംകിടങ്ങിലുംബഹളം. കേറുന്നിടത്തും ഇറങ്ങുന്നിടത്തും ബഹളം. നാനാജാതിമതസ്ഥന്മാക്കിടയിലും ബഹളം. പരക്കെബഹളം. ബഹളമേബഹളം; സർവ്വത്രബഹളം. ബഹുബഹുബഹളം. പെരുംബഹളം. കണ്ട്രോൾകാലത്തും ഈ ബഹളമില്ല. വിദ്യാർത്ഥിബഹളത്തിനും ഈ ബഹളമില്ല. കുതിരയെടുപ്പിനും ഈ ബഹളമില്ല. തീപിടിച്ചാലും ഇത്രബഹളമില്ല. വണ്ടിമറിഞ്ഞാലും വള്ളം മുങ്ങിയാലും ഈ ബഹളമില്ല. മുറജപസദ്യക്കുംകൂടി ഇത്രബഹളമില്ല. അമ്പമ്പോ! തെരഞ്ഞെടുപ്പുബഹളം ഒരസാദ്ധ്യബഹളംതന്നെ. ബഹളമെന്നുവച്ചാൽ മഹാബഹളം. മിണ്ടിയാലും മിറുങ്ങിയാലും ബഹളം. തൊട്ടാലും തൊടക്കിയാലുംബഹളം. എഴുതിയാലും പറഞ്ഞാലും ബഹളം. സംസാരത്തിലും പ്രസംഗത്തിലുംബഹളം. സ്ഥാനാർത്ഥികളുടെബഹളം. അവരുടെ ഏജൻറന്മാരുടെബഹളം. ഏജൻറന്മാരുടെഇഷ്ടന്മാരുടെ ബഹളം. ഇഷ്ടന്മാരുടെ അടപ്പുകാരുടെ ബഹളം. മോട്ടോർകാറുകാരുടെ ബഹളം. റിക്ഷാക്കാരുടെ ബഹളം. വണ്ടിക്കാരുടെ ബഹളം. ബഹളബഹളം. വോട്ടദ്ദേഹത്തിനുകൊടുക്കണം. വോട്ടിദ്ദേഹത്തിനുകൊടുക്കണം. അദ്ദേഹം നമ്മുടെജാതിക്കാരൻ. ഇദ്ദേഹം നമ്മുടെ ഇഷ്ടക്കാരൻ. അദ്ദേഹം യോഗ്യൻ. ഇദ്ദേഹം വിദ്വാൻ. അദ്ദേഹംരസ!

* ശ്രീമാൻ വിദ്യുജ്ജിഹ്വൻ വിദൂഷകന്റെ കണ്ണിൽകൂടി മണ്ണിട്ടുകളയാമെന്നു വിചാരിച്ചതിനു അത്ഭുതപ്പെടുന്നു. എല്ലാ തവണയും നടക്കാറുള്ള ഈ "ബഹളം" വേണ്ടായിരുന്നു. വി. പ.

ഓരോ 'ചാൻസ്' കൊടുക്കേണ്ടതാണെന്നു നാം പ്രബലമായഭിപ്രായപ്പെടുകയും എല്ലാവരേയും അറിയിക്കുകയും ചെയ്തുകൊള്ളുന്നു. അല്ലേ! അവരും നമ്മുടെ തിരുവിതാംകൂറിലെ പൌരപ്രമാണികളല്ലേ?

—*—




കൊല്ലത്തെ സ്ഥാനാർത്ഥി മത്സരം

മി. കൊരണ്ടിപ്പള്ളിൽ രാമൻപിള്ള നിർദ്ദേശപത്രം കൊടുക്കാതെ മാറുകയാൽ മി. കെ. ജീ. പരമേശ്വരൻപിള്ളയും മി. ജീ. രാമൻമേനവനും മാത്രമേ സ്ഥാനാർത്ഥികളായി ശേഷിച്ചിട്ടുള്ളുവത്രേ.

കൻ! ഇദ്ദേഹം സരസൻ. അതുകൊണ്ടു വോട്ടിദ്ദേഹത്തിനു കൊടുക്കണം. വോട്ടിദ്ദേഹത്തിനു കൊടുക്കണം അദ്ദേഹത്തിനു കൊടുക്കണം. ഇദ്ദേഹത്തിനു കൊടുക്കണം. അയാൾ വഞ്ചകൻ. ഇയാൾ കള്ളൻ. അയാൾ കുടിയൻ ഇയാൾ പിടിയൻ. അയാൾ വിഡ്ഢി. ഇയാൾ വികൃതി. അയാൾ സേവൻ. ഇയാൾ കുസൃതി. അയാൾ ചിട്ടിക്കാരൻ ഇയാൾ പാട്ടക്കാരൻ. അയാൾ കമ്പനിക്കാരൻ. ഇയാൾ മലമ്പനിക്കാരൻ. അയാൾ സർക്കാരുമച്ചമ്പിക്കാരൻ. ഇയാൾ സർക്കാർ കക്ഷിക്കാരൻ. അതുകൊണ്ടു വോട്ടയാൾക്കു കൊടുക്കരുത് ഇയാൾക്കു കൊടുക്കരുത് അയാൾക്കു കൊടുക്കരുത്. ഇയാൾക്കു കൊടുക്കരുത്. അയാൾക്കു പാട്ടുണ്ടു് ഇയാൾക്കു നാഗസ്വരമുണ്ടു്. അയാൾക്കു വീണയുണ്ടു്. ഇയാൾക്കു മൃദംഗമുണ്ടു്. അയാൾക്കു കവിതയുണ്ടു്. ഇയാൾക്കു കാര്യമുണ്ടു്. അയാൾ പെരുപ്പക്കാരൻ. ഇയാൾ വലിപ്പക്കാരൻ. അയാൾക്കു പൊക്കമുണ്ടു്. ഇയാൾക്കു വണ്ണമുണ്ടു്. അയാൾക്കു മീശയുണ്ടു്. ഇയാൾക്കു മേശയുണ്ടു്. അയാൾക്കു വാക്കുണ്ടു്. ഇയാൾക്കു വായുണ്ടു്. അയാൾക്കു കയ്യുണ്ടു ഇയാൾക്കു കാലുണ്ടു്. അതുകൊണ്ടു വോട്ട് അയാൾക്കു കൊടുക്കണം. ഇയാൾക്കു കൊടുക്കണം. അയാൾക്കും കൊടുക്കണം. ഇയാൾക്കും കൊടുക്കണം. അയാൾക്കു കൊടുക്കരുത്. ഇയാൾക്കു കൊടുക്കരുത്. കൊടുക്കണം. കൊടുക്കരുത്. കൊടുക്കരുത്. കൊടുക്കണം. എന്നിങ്ങനെ നാടൊട്ടുക്കു 'കൊടുക്കണ' വും 'കൊടുക്കരുതും' തന്നെ. പിടിയും വലിയും തന്നെ. വഴക്കും വയ്യാവേലിയും തന്നെ, തർക്കവും മുറുക്കവും തന്നെ. വാദവും എതിർവാദവും തന്നെ. പിണക്കവും കലക്കവും തന്നെ. വാശിയും മത്സരവും തന്നെ. അടിയും പിടിയും തന്നെ. ലഹളയും ബഹളവും തന്നെ. ഈ ബഹളത്തിലെല്ലാ ജാതിക്കാരുമുണ്ടു്. മതക്കാരുമുണ്ടു. ജാതിയും മതവുമില്ലാത്തവരുമുണ്ടു്. തലയും തലച്ചോറുമില്ലാത്തവരുണ്ടു്. മാനവും മര്യാദയുമില്ലാത്തവരുണ്ടു്. ആത്മാവും മനസ്സാക്ഷിയുമില്ലാത്തവരുണ്ടു്. നിലത്തെഴുത്തും എഞ്ചുവടിയുമില്ലാത്തവരുണ്ടു്. പോക്കും പൊക്കണവുമില്ലാത്തവരുണ്ടു്. കൂട്ടും കുടുക്കയുമില്ലാത്തവരുണ്ടു്. നാക്കും മൂക്കുമില്ലാത്തവരുണ്ടു്. കണ്ണും കരളുമില്ലാത്തവരുണ്ടു്. 'ചെവിത്ത' യും ചെമ്മണ്ടയുമില്ലാത്തവരുണ്ടു്. ഷേഡികളും റൗഡികളുമുണ്ടു്. കാപ്പിയും ചായയുമുണ്ടു്. കറുപ്പും കഞ്ചാവുമുണ്ടു്. കള്ളും ചാരായവുമുണ്ടു്. ബ്രാൻഡിയും വിസ്കിയുമുണ്ടു്. എല്ലാമുണ്ടു് എല്ലാവരുമുണ്ടു്. സ്പർദ്ധയും മത്സരവുമുണ്ടു്. കുസൃതിയും കുണ്ടാമണ്ടിയുമുണ്ടു്. ചതിയും കൃത്രിമവുമുണ്ടു്. പിണക്കവും മത്സരവുമുണ്ടു്.

വെറുപ്പും വിരോധവുമുണ്ടു്. വാശിയും വൈരാഗ്യവുമുണ്ടു്. നോട്ടീസും വിജ്ഞാപനവുമുണ്ടു്. ദല്ലാലും കൈക്കൂലിയുമുണ്ടു്. ആക്ഷേപവും ശകാരവുമുണ്ടു്. മുറയ്ക്കുണ്ടു്. എല്ലാമുണ്ടു. എവിടെയുമുണ്ടു്. എപ്പോഴുമുണ്ടു്. എല്ലാററിനുമുണ്ടു്. എല്ലാവർക്കുമുണ്ടു്. ഈ പത്തനത്തിൽ ആർക്കാണു വോട്ടുകൊടുക്കേണ്ടതു? ആരാണു യോഗ്യൻ? ആരാണു സമർത്ഥൻ? ആരാണു വീരൻ? ആരാണു വിദ്വാൻ? ആരാണു "നമ്മുടെ" ജാതിക്കാരൻ? ആരാണു "നമ്മുടെ" മതക്കാരൻ? ആരാണു നമ്മുടെ ഇഷ്ടക്കാരൻ? ആരാണു നമ്മുടെ കക്ഷിക്കാരൻ? എന്നൊന്നും നോക്കാനില്ല. കാണ്മാനില്ല. നിരൂപിക്കാനില്ല. നിർദ്ദേശിക്കാനില്ല. നിശ്ചയിക്കാനില്ല. ആലോചിക്കാനില്ല. വിചാരിക്കാനില്ല. വിമർശിക്കാനില്ല. വിചിന്തിക്കാനുമില്ല. ആർക്കു കൊടുത്താലും ശരി, കൊടുത്തില്ലെങ്കിലും ശരി. ആരു പോയാലും ശരി. പോയില്ലെങ്കിലും ശരി. നായരു പോയാലും ശരി നായരില്ലാതെ പോയാലും ശരി. മാപ്പിള പോയാലും ശരി. പെമ്പിള പോയാലും ശരി. മേനവൻ പോയാലും ശരി. മേനോക്കി പോയാലും ശരി. ആശാൻ പോയാലും ശരി. ശിഷ്യൻ പോയാലും ശരി. പട്ടരു പോയാലും ശരി. ചെട്ടരു പോയാലും ശരി. അയ്യൻകാളി പോയാലും ശരി. ആഴാഞ്ചേരി പോയാലും ശരി. ചാത്തൻ പോയാലും ശരി. ചടയൻ പോയാലും ശരി. തീയ്യൻ പോയാലും ശരി. പയ്യൻ പോയാലും ശരി. ആരു പോയാലും ശരി. പോയില്ലെങ്കിലും ശരി. എന്തായാലും ശരി. എങ്ങിനെയായാലും ശരി. വോട്ടർക്കെല്ലാം ശരി ശരി. നാട്ടുകാർക്കെല്ലാം ശരിശരി. ഈ ബഹളത്തിൽ സഭയ്ക്കു പോകേണ്ടതാരു? പോകേണ്ടാത്തതാരു? യോഗ്യനാരു? അയോഗ്യനാരു? വിദ്വാനാരു? വിദ്യയില്ലാത്തവനാരു? ദേശബന്ധുവാരു? സർക്കാരുമച്ചമ്പിയാരു! നിയമജ്ഞനാരു? നിയമജ്ഞാനവിഹീനനാരു? പ്രാസംഗികനാരു? നാക്കെടുക്കാപ്രാണിയാരു? നാട്ടിനും നാട്ടുകാർക്കും വേണ്ടി സർക്കാരിനോടു യുദ്ധം ചെയ്യുന്നവനാരു? നാട്ടിനെയും നാട്ടുകാരെയും വിററുകാശു വാങ്ങുന്നവനാരു? നീതിക്കും ന്യായത്തിനും വേണ്ടി പടവെട്ടുന്നവനാരു? പുത്തലിനും കൺട്രാക്ടിനും വേണ്ടി കാത്തുകിടക്കുന്നവനാരു? വിദ്യാഭ്യാസമുള്ളവനാരു? വിദ്യാവിഹീനനാരു? നാട്ടുകാരേ! വോട്ടർമാരെ!! പൗരന്മാരേ! നിങ്ങൾ യോഗ്യന്മാരെ അറിയുവിൻ. യോഗ്യത മനസ്സിലാക്കുവിൻ. ശ്രദ്ധിക്കുവിൻ. ഉണരുവിൻ. ആലോചിക്കുവിൻ. ചിന്തിക്കുവിൻ. യോഗ്യതയുള്ളവർക്കു വോട്ടുകൊടുക്കുവിൻ. കൊടുക്കുവിൻ. കൊടുക്കുവിൻ. വോട്ടുകൊടുക്കുവിൻ.

—൮—

# ഇലക്ഷൻകഥ

(കിളിപ്പാട്ട്.)

(പാക്കനാർ)

ശ്രീവഞ്ചിഭൂമിക്കു ശ്രീദേവിയായുള്ള
ശ്രീവഞ്ചിരാജരാജേശ്വരിപാഹിമാം
ശ്രീമതീവഞ്ചിസംരക്ഷിണീസേവിനീ
ശ്രീമഹാറാണി! റീജൻറ്! നമോസ്തുതേ.
ശ്രീവഞ്ചിറാണിക്കു പ്രാണനായുള്ളോരു
ശ്രീരാമവർമ്മകോയിത്തമ്പുരാൻമഹാൻ
ശ്രീവഞ്ചിദിവ്യദിവാകരൻഭാഗ്യവാൻ
ശ്രീമൻജയിക്കന്റീ നിത്യംനമോനമഃ
ശ്രീവഞ്ചികാര്യങ്ങളെത്രയുംഭംഗിയിൽ
ശ്രീവിടാതൊക്കെ നടത്തുന്നപൂരുഷൻ
ശ്രീമത്മഹാമന്ത്രി (൧) സാമൂകലോത്തമൻ
കേണലാംമാറിസുവ്വാട്ട്സുജയിക്കണം
ഇക്കണ്ടസംസ്ഥാനമൊക്കവേ (൨) താങ്ങുന്ന
ചൊല്ലേറ്റോണ്ടഡിസ്ട്രിക്റ്റ്മജിസ്ട്രേട്ടുമാർകളും
(൩) തക്കതാം മാസ്സപ്പടി! പേറുന്നമററുള്ള
മാറ്റപ്പടിപിള്ളയധികാരിവർഗ്ഗവു
മൊക്കെജ്ജയിക്കജ്ജയിക്കയെന്നോതുന്ന
പൈങ്കിളിപ്പൈതലേ! ചൊല്ലെടോമെല്ലവേ
ശങ്കകൂടാതെയിലക്ഷൻകഥാമൃതം
കുഞ്ചൻറനാവതിൽ കൊഞ്ചിക്കളിച്ചോരു
പഞ്ചവർണ്ണക്കിളിക്കുഞ്ഞേ! തരാമെടോ
പഞ്ചാരയുംപഴംപാലുമല്ലാമലേ!
(൪) കൊഞ്ചുമിറച്ചിയും മുട്ടയുംവിസ്കിയും
നെഞ്ചകംകത്തുന്ന ബ്രാൻഡിയുംകട്ട്ലെററ്സ്
മഞ്ചാതെമൂക്കോളമാഹരിച്ചീടുമീ.
കൊഞ്ചിവാകൊഞ്ചമുത്തുന്നീടുക
തേഞ്ഞൊരിവായ്മലർത്തുകിനിന്നീടുക
സങ്കടംവേണ്ടാ നടക്കേണ്ടതെല്ലാമേ
തങ്ക.വിമാനംതരുന്നുണ്ടു ശാരികേ!
എങ്കിലോചൊല്ലാമിലക്ഷൻകഥാരസം

പങ്കവിഹീനംപറഞ്ഞാൾകിളിമകൾ
സാരമായുള്ളോരിലക്ഷൻറകാരണം
പാരംപരന്നിതു പാരിലെവാർത്തകൾ
ദൂരെഗ്ഗമിച്ചിതു സത്യവുംധർമ്മവും
നേരെവളർന്നിതു രാഗരോഷാദിയും
തീരെനശിച്ചിതു നാണവുംമാനവും
നാരദന്മാരങ്ങുവീണയുമായിട്ടു
ചാരത്തുവന്നിറഞ്ഞുപാത്തുക്കദോ
മത്സരമേറ്റം വളർന്നതുകാരണം
കുത്സിതവൃത്തിയുമങ്ങുംപെരുത്തുപോൽ
മൂക്കറുത്തങ്ങു ശക്തനും മുടക്കുവാൻ
ഭോഷാക്കിർ ക്രൂരം തയ്യാറുണ്ടുസർവ്വദാ
വൈരംപരസ്പരംവർദ്ധിച്ചുദേഹിനാം
പാരംമുഴുത്തുപരദ്രവ്യകാംക്ഷയും
നേരല്ലകാണുന്നതൊന്നുംധരാതലേ
കഷ്ടമിലക്ഷനടുത്തുവരികയാൽ
ദൂരരായീടുന്നു സർവ്വജന്തുക്കളും
ഇഷ്ടലാഭംവരുത്തീടുവാനെത്രയും
ക്ലിഷ്ടകർമ്മങ്ങളുംചെയ്യുന്നദേഹികൾ
ശിഷ്ടരക്ഷാദികളില്ലാതെയായഹോ
നഷ്ടമായല്ലോവിവേകവുംഭൂതലേ
കീർത്തിയുംകെൽപ്പും പഠിപ്പും പ്രതാപവും
മൂർത്തീകരിച്ചുള്ള മൂന്നാലുപേരിതാ
ആരെത്തിരഞ്ഞെടുത്തയയ്ക്കേണ്ടുകാര്യങ്ങൾ
നേരേനടത്തുവാൻ യോഗ്യനാരീവിധം
തീരെക്കുഴഞ്ഞുവലഞ്ഞുപൌരാവലി
കാരുണ്യപൂർണ്ണയാമാനന്ദവല്ലിയെ
പൂരിച്ചഭക്ത്യാനമസ്കരിച്ചെത്രയും
ഉന്നതമാകുംകൊടിമരത്തിന്മേലി
രുന്നോരു ശാരികചൊല്ലിനാൾപിന്നെയും
ആയംപരങ്ങേണ്ടനിങ്ങളെല്ലാവരും
ജീവാമദമേധനൻതന്നെവരിക്കുവിൻ
നാനാമതങ്ങളുംനാലുവേദങ്ങളും
നീതിശാസ്ത്രങ്ങളും ന്യായസൂത്രങ്ങളും
സന്മാർഗ്ഗശാസ്ത്രവും സമുദായശാസ്ത്രവും
വിദ്യാവിതരണശാസ്ത്രവുംമീമാംസ
തർക്കവുംരാഷ്ട്രീയലോകശാസ്ത്രങ്ങളും
(൫)ശാസ്ത്രങ്ങളാറല്ലറുപത്തുംകണ്ടവൻ

(൧) താൻ ജനിച്ച സാമൂകലത്തിൽ ഉത്തമനായുള്ളവൻ-എന്നർത്ഥം.

(൨) സാക്ഷാൽ അനന്തൻ മഹാവിഷ്ണുവിനെ താങ്ങുംപോലെ താങ്ങിക്കൊണ്ടിരിക്കുന്നു എന്നു കവിഹൃദയം.

(൩) ആശ്ചര്യചിഹ്നംകൊണ്ടു മാസ്സപ്പടി തുച്ഛമാണെന്നു കവി സൂചിപ്പിക്കുന്നു.

(൪) കൊഞ്ച്=ഒരുവക മത്സ്യം.

(൫) ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം മുതലായ ശാസ്ത്രങ്ങളെക്കൂടി കവി അറുപതു ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തീട്ടുണ്ടെന്നുള്ളതിനു സംശയമില്ല!

ഓർത്താൽബൃഹസ്പതിതോക്കും പുമാനിവൻ
മാന്യജനങ്ങളേ നാംകുവിൻ, നാംകുവിൻ
മേനവനോട്ടുകളൊക്കെ നൾകീടുവിൻ
നേരും നിയമവും നീതിയും നിഷ്ഠയും
ആരിലും ദൈന്യവും സത്യവും ധർമ്മവും
ദാനധർമ്മങ്ങളും മാനവധർമ്മവും
നേരേ പഠിച്ചുള്ള കേമനാണീമഹാൻ
നേർക്കിലാർക്കും ജയിക്കാൻ കഴിയാത്ത
വാഗ്മിമാർക്കേറ്റവും മുൻപനാണീമഹാൻ
കേരളഭാഷയുമിങ്ഗ്ലഭാഷയും
ധീരധീരം പ്രസംഗിക്കും പ്രഭാഷകൻ
സർക്കാരുപക്ഷത്തു മേനവൻ നില്ക്കുമെ
ന്നാർക്കുമെ സംശയം തോന്നാതിരിക്കിലും
അദ്ധ്യാപകന്മാരിലഗ്രേസരൻ മഹാ-
ശുദ്ധൻ മഹാശയൻ നിർമ്മലൻ നിർഗ്ഗുണൻ(൬)
പൌരന്റെ പത്രാധിപത്യം വഹിക്കുന്ന
പൌരപ്രമാണിയാണിദ്ദേഹമോർക്കുകിൽ
സന്മാർഗ്ഗപാഠങ്ങൾ നിർമ്മിച്ച പുണ്യവാൻ
നിർമ്മത്സരാശയനാദർശപുരുഷൻ(൭)
രാജ്യത്തിനാകവേ നന്മ വരുത്തുവാൻ
പൂർണ്ണൻ ശ്രമിക്കുന്നിരുപത്തു കൊല്ലമായ് (൮)
(൯) ഉദ്യോഗമങ്ങുകളഞ്ഞു ജനക്ഷേമ-
മുദ്യോഗമായി വരിച്ചോരു സൽപുമാൻ
ജാതിവൈരാഗ്യവും കക്ഷിയും പക്ഷവും
ഏതുമില്ലാത്ത സമത്വവാദിയിവൻ
നിർമ്മാണസാമാജികത്വം വഹിച്ചിട്ടു
നിർമ്മായകർമ്മങ്ങൾ ചെയ്യും നിരാമയൻ
(൧൦) കർണ്ണജപന്മാർക്കു ശത്രുവാമിപ്പുമാൻ
കർണ്ണയന്ത്രത്തിന്നധീനനാണെന്നാകിലും
ആകെപ്പറകിലീമേനവനൊപ്പമായി
മേനവനേകനേയുള്ളൂ ധരിത്രിയിൽ
വോട്ടു നൾകീടുവിൻ വോട്ടു നൾകീടുവിൻ
മേനവനോട്ടുകളൊക്കെ നൾകീടുവിൻ.

* * *

മാന്യരേ നിങ്ങൾക്കു പക്ഷമില്ലെങ്കിലോ
ധന്യനാമന്യനടുത്തു നില്ക്കുന്നിതാ.

* * *

സത്യധർമ്മാദിയാം സൽഗുണജാലങ്ങ-
ളൊത്തൊരീ വിദ്വാനെ വിശ്വസിച്ചീടുവിൻ
വിത്തത്തിലെങ്കിലോ വിത്തേശനം ചെന്നു
ചിത്തം മലച്ചങ്ങു കപ്പം കൊടുക്കണം
"നമ്മുടെ കെ. ജീ" പരമേശ്വരൻപിള്ള
വേണ്ടുന്നവർക്കിന്നു (൧൧)പാരിജാതദ്രുമം
കീർത്തിക്കു ഫൽഗുനൻ ശക്തിക്കു വായുജൻ
ഭക്തിക്കു പാർത്താൽ വിഭീഷണൻതന്നെയാം
യുക്തിക്കു നോക്കുകിൽ ശുക്രൻ മടങ്ങണം
ധർമ്മം നിനയ്ക്കുകിൽ ധർമ്മരാജൻ ദൃഢം.
ആപത്തുമില്ലൊരു ദോഷവുമില്ലിവൻ

(൬) നിർഗ്ഗുണൻ=നിർഗ്ഗുണബ്രഹ്മംപോലെയുള്ളവൻ എന്നു കവിഹൃദയം.

(൭) ആദർശപുരുഷൻ=പ്രായോഗികമല്ലാത്ത ആദർശങ്ങളെ അടിസ്ഥാനമാക്കി സ്വയമായി ഒരു 'ഉട്ടോപ്പിയാ' നിർമ്മിച്ച് അവിടെ വിഹരിക്കുന്നവൻ എന്നു പറയപ്പെടുന്നു. ഉട്ടോപ്പിയാ(UTOPIA)=സങ്കല്പനിർമ്മിതമായ ഒരു രാജ്യം.

(൮) പണ്ട് പതിരുപത്തു കൊല്ലങ്ങൾക്കു മുമ്പേ തന്നെ ഇല്ലിക്കളം കേശവപിള്ള ബി. എ. ബി. എൽ. അവർകളും മി. മേനവനും തമ്മിൽ നടന്ന വാദപ്രതിവാദങ്ങളേയും മറ്റും പറ്റി മി. മേനവന്റെ ൯-൮-൧൦൨-ലെ വിജ്ഞാപനത്തിൽ അദ്ദേഹം വിവരിക്കുന്ന സംഗതികളെ കവി സൂചിപ്പിക്കുന്നു.

(൯) മി. മേനവൻ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ ഒരു അസിസ്റ്റന്റിൻസ്പെക്ടരായിരുന്നു. ഗവർമ്മേൻറുമായുള്ള പിണക്കത്തിൽ ജോലി രാജി കൊടുത്തു.

(൧൦) കർണ്ണജപന്മാർക്കു ഇദ്ദേഹത്തോട് രണ്ടു വിധത്തിൽ ശത്രുത്വമുണ്ട്. ഒന്ന്. അവർ പറഞ്ഞാൽ അദ്ദേഹം കേൾക്കുകില്ലെന്നുള്ളതു കൊണ്ടും രണ്ട്, അദ്ദേഹത്തിനിതരക്കാരോടു പക്ഷമില്ലാത്തതുകൊണ്ടും രണ്ടു വിധത്തിൽ ശത്രുത്വമുണ്ടത്രേ.

(൧൧) പാരിജാതദ്രുമം=കല്പവൃക്ഷം. എന്നു വച്ചാൽ ആവശ്യപ്പെടുന്ന ആർക്കും എന്തും കൊടുക്കാൻ തയ്യാറുള്ളവൻ എന്നർത്ഥം. മി. സീ. ശങ്കരമേനവൻമുതലായ മാന്യന്മാരൊപ്പിട്ടിട്ടുള്ളതായ, മി. പി. എൻ. ഗോവിന്ദപ്പിള്ള കെ. ജീ. ക്കു വേണ്ടി പ്രസിദ്ധം ചെയ്ത വിജ്ഞാപനത്തിൽ ൧൪-ാം ൨രിയിൽ "സ്വപ്രയത്നംകൊണ്ടുമാത്രം നേടിയിട്ടുള്ള ധനം ഏതവസരത്തിലും പരജനങ്ങളുടെ ആവശ്യത്തിനു യഥേഷ്ടം ഉപകരിക്കുന്നതിനാണു" എന്നും മറ്റും വിവരിച്ചിട്ടുള്ള വിജ്ഞാപനഭാഗം നോക്കുക.

(൧൨) സമ്പത്തു സംഭരിച്ചാക്കുംകൊടുത്തിട്ടും
(൧൩)സൎക്കാരുമായ്ച്ചേൎന്നു കാൎയ്യംനടത്തുവാൻ
ഇക്കാലമാരുള്ളു കേജിയെപ്പോലവേ
അത്രെയുംക്രസാതെകൺട്രാക്ടുതുതിൽപ്പോ—
ഴാത്യനായിത്തീൎന്നൊരീധീരൻമഹാശയൻ
വേണ്ടുംനയങ്ങൾ തരംപോൽപ്രയോഗിച്ചു
കണ്ടജനങ്ങളെക്കൈവശമാക്കുവാൻ
ഉണ്ടാകയില്ലാരാൾ കൺട്രാക്ടരെപ്പോലെ
ഉണ്ടായതില്ലൊരു ഭ്രത്യരുമില്ലെടോ
വോട്ടുനൾകീടുവിനോട്ടുനൾകീടുവിൻ
വോട്ടുകളൊക്കവേ കേജിക്കുനൾകുവിൻ
വാണിജ്യകാൎയ്യങ്ങളൊക്കെയറിഞ്ഞവൻ
ഷേണം(൧൪)വിദ്യാവ്യവസായതല്പരൻ
വിദ്യാഭിവൃദ്ധിനിദാനനാംവൈദ്യാരെ
(൧൫)വിസ്ഥ്യാരാ്താകുവാൻ കെല്പുള്ളപൂരുഷൻ
രാമാഭിരാമൻമനോഹരൻഭാഗ്യവാൻ
രാമവിലാസമുദ്രാലയമുദ്രിതൻ
കേമനാംമെംബറായ്വന്നീടുമെങ്കിലോ(൧൬)
കാമ്യമതിൽപരമെന്തുള്ളു കൈവരാൻ
വൎണ്ണമില്ലാത്തോരിരുമ്പുംരസംകൊണ്ടു
വൎണ്ണാന്തരമെസ്വൎണ്ണമാകുന്നുനിൎണ്ണയം
ശ്രേഷ്ഠനിവനിന്നുമെംബറായീടിലോ
നാട്ടിനൊക്കെഗ്ഗുണം വീട്ടിനൊക്കെഗ്ഗുണം
നാട്ടാൎക്കുമേഗ്ഗുണം വീട്ടാൎക്കുമേഗ്ഗുണം
(൧൭)രാട്ടിനുംനൽഗുണം (൧൮) മാട്ടിനുംനൽഗുണം
(൧൯)കാട്ടിനുംനൽഗുണം കാട്ടാൎക്കുമേഗ്ഗുണം
വോട്ടിനുനൽഗുണം(൨൦)വോട്ടുകാൎക്കുംഗുണം
പട്ടണവാസികൾക്കൊക്കെബ്ബഹുഗുണം
പാട്ടിലുള്ളോൎക്കും ഗുണംഗുണംതന്നെ
കൂട്ടുകാൎക്കുംഗുണം കൂട്ടൎക്കുമേഗ്ഗുണം
കമ്പോളവാസികൾക്കൊക്കെഗ്ഗുണംഗുണം
അമ്പിളിചൂട്ടംപരമേശ്വരഗ്ഗുണം
ഏവംപറഞ്ഞാലൊടുങ്ങില്ലസൽഗുണം
ഇമ്മഹാൻതൻെറപ്രസംഗചാതുൎയ്യങ്ങൾ
(൨൧)ചെമ്മെപറവാനെളുതല്ലലോകരേ!
വോട്ടുനൾകീടുവിനോട്ടുനൾകീടുവിൻ
വോട്ടുകളൊക്കവേകേജിക്കുനൾകുവിൻ

* * *

* * *

(*കൊരണ്ടിപ്പള്ളിൽ മിസ്റ്റർ രാമൻപിള്ള, പെരിനാട്ടു മിസ്റ്റർ പത്മനാഭപിള്ള (ബി. ഏ. ബി. എൽ.) എന്നീ യോഗ്യന്മാർ നിൎദ്ദേശപത്രം കൊടുത്തിട്ടില്ലെന്നറിയുന്നതിനാൽ അവരുടെ യോഗ്യതകളേയും സാമൎത്ഥ്യങ്ങളേയും പററി വൎണ്ണിച്ചെഴുതിയിരിക്കുന്ന കവിതാഭാഗങ്ങൾ ഉപേക്ഷിക്കേണ്ടി വന്നതിൽ വ്യസനിക്കുന്നു.) വി. പ.

---

(൧൨) അൎത്ഥം സ്പഷ്ടം. കെ. ജീ. വിജ്ഞാപനത്തിലെ അവസാനഖണ്ഡികയിൽ "തന്നത്താൻ ഉണ്ടാക്കിയ പണം നമുക്കുവേണ്ടി......അത്യുദാരമായി ചെലവഴിച്ചു്......"എന്നും മറ്റും പ്രസ്താവിച്ചിട്ടുള്ള ഭാഗം നോക്കുക.

(൧൩) മേല്പടി മി. പി. എൻ. ഗോവിന്ദപ്പിള്ളയുടെ കെ. ജീ. വിജ്ഞാപനത്തിലെ ഇരുപതാം വരിയിൽ ഗവൎമ്മേണ്ടു സഹകരണത്തോടുംകൂടിയാണു് നേതൃത്വംവഹിക്കേണ്ടതെന്നും മറ്റും പ്രസ്താവിച്ചിട്ടുള്ള ഭാഗം കാൺക.

(൧൪) വിദ്യയെത്തന്നെ വ്യവസായമാക്കിവച്ചിരിക്കുന്നവൻ. സൎവ്വവിദ്യകളും വെളിക്കുവരുന്നതു അച്ചുക്കൂടംവഴിയാണല്ലൊ. ഇവിടെ അച്ചടിവ്യവസായത്തെ കവി സൂചിപ്പിക്കുന്നു.

(൧൫) ശ്രീരാമവിലാസമുദ്രാലയം കയ്യേറെറടുത്തതോടുകൂടി ഇനി ഇത്തൊഴിൽകൊണ്ടു പ്രയോജനമില്ലെന്നും ഈ തൊഴിൽ ഇനിയും നടത്തിക്കൊണ്ടിരിക്കുന്നതു വിസ്ഥിതമാണെന്നും മറ്റും മിസ്റ്റർ. വൈസ്ഥ്യാൎക്കു തോന്നിപ്പിക്കത്തക്കവണ്ണം അത്രേക്കുരെ സാമൎത്ഥ്യമുള്ളവൻഎന്നു കവിഹൃദയം.

(൧൬) 'മെംബറായ്വന്നീടുമെങ്കിലോ കേമനാം' എന്നന്വയം.

(൧൭) ഗവൎമ്മേണ്ടിനോടു അനുകൂലിച്ചുനിൽക്കുമെന്നുള്ള കേ ജീ വിജ്ഞാപനഭാഗത്തെ കവി വീണ്ടും സ്മരിപ്പിക്കുന്നു.

(൧൮) 'ജീവകാരുണ്യസഭ,' 'ജന്തുഹിംസാനിരോധനസംഘം' മുതലായവയുടെ ശാഖകൾ സ്ഥാപിച്ചു് കൊല്ലംതാലൂക്കിലും വേണ്ടജന്തുരക്ഷാമാൎഗ്ഗങ്ങൾ ഏൎപ്പെടുത്തുമെന്നു കവിഹൃദയം

(൧൯) കാട്ടിലെ തടികളെല്ലാം കൺട്രാക്ടുവഴി വെട്ടിയിറക്കി കാടുതെളിച്ചു് നാടാക്കുമെന്നു കവി ഉദ്ദേശിക്കുന്നു. അപ്പോൾ കൃഷിമുതലായവനടത്തുന്നതിനു കാട്ടിലുള്ളവൎക്കുപോലും സൌകൎയ്യപ്പെടുന്നതും ഉപകാരപ്രദമായി തീരുന്നതുമാണല്ലൊ.

(൨൦) അൎത്ഥം സ്പഷ്ടം

(൨൧) പ്രസംഗസാമൎത്ഥ്യത്തെപ്പററിവൎണ്ണിക്കുവാൻ—പ്രസംഗം കേട്ടിട്ടില്ലാത്തതുകൊണ്ടായിരിക്കാം—കവി വിഷമിക്കുന്നു.

# ബഹുരസം.

ഭർത്താവ്:-കേട്ടോ അമ്മൂ! ഞാൻ മരിച്ചാൽ നീ മോളികവീട്ടിലെ ഗോപാലനെത്തന്നെ വിവാഹം കഴിക്കണം.

ഭാര്യ:-അവൻ നിങ്ങടെ പരമശത്രുവല്ലേ?

ഭർത്താ:-അതേ. അതുകൊണ്ടാണ് അവനെ വിവാഹം കഴിക്കാൻ പറഞ്ഞത്.

ഭാര്യ:-അതെന്താ?

ഭർത്താ:-അവൻ മഹാ പോക്കിരിയാണ്. അവനായാലേ നിനക്കു തക്ക സമ്മാനം കിട്ടൂ.

* * *

റെയിലിൽവച്ചു പരിചയപ്പെട്ടരണ്ടുപേരിലൊരാൾ:-ഇന്നു വൈകുന്നേരം മിസ്റ്റർ. മേനോന്റെ പ്രസംഗമുണ്ടെന്നു കേട്ടല്ലോ. നിങ്ങൾ പോകുന്നില്ലേ?

മറേറയാൾ:-ഉവ്വ്. ഉവ്വ്. പോകുന്നുണ്ട്.

ഒരാൾ:-ഹേയ്! അയാൾ വലിയ ബോറാണ്. അതിൽഭേദം വൈകിട്ടു മ്യൂസിയത്തോ ബീച്ചിലോ പോവുകയാണ്.

മറേറയാൾ:-എനിക്കതിനു തരമില്ല. ഞാനാണ് പ്രസംഗിക്കാൻ പോകുന്ന മിസ്റ്റർ. മേനോൻ.

* * *

ഒരു സ്ഥാനാർത്ഥിയോട് അയാളുടെ ഭാര്യ:-ദാണ്ടെ, നിങ്ങൾ നാടൊട്ടുക്കു നടന്നു് പാലം കെട്ടിക്കാമെന്നും, കലുങ്കു തീർപ്പിക്കാമെന്നും, ക്ഷേത്രം പണിയിക്കാമെന്നുമൊക്കെപ്പറഞ്ഞു കഴിഞ്ഞാൽ അതിനൊക്കെക്കൂടിപ്പണമെത്ര ലക്ഷം വേണം?

സ്ഥാനാർത്ഥി:-നീ ചുമ്മാതിരിയെടീ! എലക്ഷൻ കഴിയട്ടെ

ഭാര്യ:-എലക്ഷൻ കഴിഞ്ഞാലോ?

സ്ഥാനാർത്ഥി:-എലക്ഷൻ കഴിഞ്ഞാൽ ഒരു കൊച്ചുകാശിന്റെ പുടവപോലും ഞാനാരെയെങ്കിലും കാണിക്കുമോ? മണ്ടു കഴുതേ!

* * *

ഒരുനാട്ടിലെ വോട്ട് മുഴുക്കെ സ്വാധീനപ്പെടുത്തുവാൻവേണ്ടി ഒരു സ്ഥാനാർത്ഥി:-ഇവിടത്തെ ഈ ചിറ വലിയ ചിറയാണ്. ഒരു കലുങ്കിന്റെ അത്യാവശ്യം ഇവിടുണ്ട്. എത്രായിരം രൂപാ ചെലവായാലും ഞാനതു കെട്ടിച്ചുതരാം തയ്യാർ. പക്ഷേ ഇവിടത്തെ വോട്ടു മുഴുക്കെ എനിക്കു തരണം.

ഉടനേ അക്കൂട്ടത്തിലുണ്ടായിരുന്ന വിദ്യാവിഹീനനായ ഒരു വോട്ടർ:-സാറേ! നിങ്ങൾ കലുംകും കിലുംകുമൊന്നും കെട്ടിച്ചു ബുദ്ധിമുട്ടണ്ടാ. ആളുകൾക്കു രൂപാ നെല്ലുവീതം തന്നാൽമതി. വോട്ട് മുഴുക്കെ നിങ്ങൾതന്നെ പിടിച്ചോളിൻ.

* * *

കാമുകൻ:-നിന്നെ വിവാഹം കഴിക്കാനുള്ള ആലോചനയുംകൊണ്ടു വളരെപ്പേർ വരുന്നുണ്ട്. അല്ലേ?

യുവതി:-ഉവ്വ്; ഉവ്വ്. ദിവസേന അഞ്ചെട്ടാളുകൾ വരുന്നുണ്ട്.

കാമു:-എന്നാൽ ആ നായ്ക്കളിലാരെയെങ്കിലും വിവാഹം കഴിക്കരുതോ?

യുവതി:-അങ്ങനെതന്നെയാണുദ്ദേശം.

കാമു:-ആരെയാ?

യുവതി:-അങ്ങയെത്തന്നെ.

* * *

തിരഞ്ഞെടുപ്പുസംബന്ധിച്ചു കൂടിയ ഒരു മഹായോഗത്തിൽ എല്ലാവരും തനിക്കുവേണ്ടി വോട്ടു ചെയ്യണമെന്നു പ്രമാദമായി പ്രസംഗിച്ചുകൊണ്ടു നിന്നിരുന്ന സ്ഥാനാർത്ഥിയെ പെട്ടെന്നു സദസ്യരിലൊരാൾ എഴുന്നേററു തടഞ്ഞുകൊണ്ട്—

"സാറേ! നിങ്ങളുടെ അപ്പൂപ്പൻ ഒരു കഴുതയെ വളർത്തിയിരുന്നതു നിങ്ങളിപ്പോൾ ഓർക്കുന്നുണ്ടോ?" എന്നു ചോദിച്ചു.

പ്രസംഗകൻ ഉടനെ (അയാളെനോക്കിക്കൊണ്ട്):-അതു് വളരെക്കാലത്തിനു മുമ്പായതുകൊണ്ടും, ഞാനന്നു തീരെ കുട്ടിയായിരുന്നതുകൊണ്ടും അപ്പൂപ്പന്റെ രൂപംപോലും ഞാനിപ്പോൾ ഓർക്കുന്നില്ല. പക്ഷേ അദ്ദേഹം വളർത്തിക്കൊണ്ടിരുന്ന കഴുതയെ മാത്രം ജീവനോടെ ഞാനെന്റെ മുമ്പിൽ കാണുന്നുണ്ട്.

* * *

ഭാര്യ:-ഞാൻ നിങ്ങളെ ഉപേക്ഷിച്ചാൽ നിങ്ങൾ കേസ് കൊടുക്കുമോ?

ഭർത്താവ്:-കേസ് കൊടുക്കില്ലെന്നു മാത്രമല്ല, വല്ലതും പത്തെഞ്ഞൂറിന്റെ വക കയ്യിൽ റൊക്കവും തരാം.

* * *

തനിക്കുവേണ്ടി വോട്ടുചെയ്യാമെന്നേററു പറഞ്ഞ ഒരു വൃദ്ധനോട് വളരെ കൃതജ്ഞത ഭാവിച്ചുകൊണ്ടു സ്ഥാനാർത്ഥി പറഞ്ഞു:-"ഞാൻ സഭയിൽ പോകുമ്പോൾ നിങ്ങടെ കാര്യം എന്തുതന്നെയായാലും പറയാം."

വൃദ്ധൻ:-എന്നാൽ ഒരു കാര്യം. എന്റെ മകളുടെ മകളുടെ കുഞ്ഞു് എപ്പോഴും കിടന്നു കരച്ചിലു തന്നെ. അതിനെന്തു മരുന്നാണു കൊടുക്കേണ്ടതെന്നു നിങ്ങൾ ആ ആയുർവേദക്കാരോടു ഒന്നു ചോദിച്ചേക്കണം.

സ്ഥാനാർത്ഥി:-ചോദിക്കാം. ചോദിക്കാം. മിക്ക വീട്ടിലും കുഞ്ഞുങ്ങൾക്കു ഈ ഉപദ്രവമുണ്ട്. ചോദിച്ചേക്കാം.

*　　*　　*

ജനിച്ചതിൽപിന്നെ ആദ്യമായി ഒരെഴുത്തുകിട്ടാൻ ഭാഗ്യമുണ്ടായ ഒരു വോട്ടറോടു ഒരു സ്ഥാനാർത്ഥി:—നിങ്ങളെ കാണ്മാനാണ് ഞാൻ വന്നതു്. 'വോട്ടു' കാര്യം പറയാനാണു്.

വോട്ടർ:-നിങ്ങളാണോ എനിക്കെഴുത്തയച്ചിരുന്നതു?

സ്ഥാനാർത്ഥി:—എഴുത്തയച്ചതു ഞാനല്ല, എന്റെ എതിരാളിയാണ്.

വോട്ടർ:-എന്നാൽ ഞാൻ എനിക്കെഴുത്തയച്ച ആളിനെ വോട്ടുകൊടുക്കൂ.

സ്ഥാനാർത്ഥി:-ഞാൻ ഇതിനുമുമ്പു മൂന്നാലുതവണ ഇവിടെ വന്നിരുന്നു. അപ്പോൾ കാണ്മാൻ സാധിച്ചില്ലന്നേയുള്ളു. വിവരമെല്ലാം മകൻ കൊച്ചനോടു പറഞ്ഞിട്ടുണ്ടായിരുന്നു.

വോട്ടർ:-അതൊക്കെ ശരിതന്നെ. ഇവിടത്തെ വോട്ടെല്ലാം എനിക്കെഴുത്തയച്ച ആളിനേ കൊടുക്കാൻ തരമുള്ളൂ.

സ്ഥാനാർത്ഥി:-ഞാൻ അവിടത്തേക്കു രണ്ടെഴുത്തുഎഴുതീട്ടുണ്ടു്. അതുരണ്ടുമിതാ—

വോട്ടർ.-ങ്ഹാ! രണ്ടെഴുത്തുണ്ടോ? എന്നാൽ നമ്മുടെ വോട്ടു നിങ്ങൾക്കുതന്നെ നിശ്ചയം.

*　　*　　*

വാദ്ധ്യാർ:-കുട്ടികളേ! സർവ്വശക്തനായ സാക്ഷാൽ ജഗദീശൻ വിചാരിച്ചാൽ സാധിക്കാത്ത കാര്യം വല്ലതും ഈ ലോകത്തുണ്ടോ?

വിദ്യാർത്ഥി:-ഉണ്ട് സാർ!

വാദ്ധ്യാർ:-(അത്ഭുതഭാവത്തോടുകൂടി) എന്തോന്നാ?

വിദ്യാർത്ഥി:-സാറന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കാൻ.

*　　*　　*

ഒരുനാട്ടുകാരൻ ടൌണിലെ ഒരു ഹോട്ടലിൽ ചെന്നിട്ടു:-പപ്പുപിള്ള ഇവിടെ ഉണ്ടോ?

ഹോട്ടൽക്കാരൻ:-ആ പേരുള്ള നാലുപേർ ഇവിടെ താമസിക്കുന്നുണ്ടു്.

ഒരാൾ:-ബീ. ഏ യ്ക്കു പഠിക്കുന്ന ഒരു വെളുത്ത ചെറുപ്പക്കാരിസ്സഹോദരിയുള്ള പപ്പുപിള്ളയേ—

*　　*　　*

സ്ത്രീ:-പുരുഷന്മാരോടു വല്ലതും പറഞ്ഞാൽ അതവരുടെ ഒരു ചെവിയിൽക്കൂടി കടന്നു മറ്റേച്ചെവിയിൽക്കൂടി പുറത്തു പോകും.

പു:-സ്ത്രീകളോടു വല്ലതും പറഞ്ഞാൽ അതവരുടെ രണ്ടുചെവിയിലുംകൂടി അകത്തുകേറി വായിൽക്കൂടെ പുറത്തേക്കു പോകും.

*　　×　　*

മജിസ്ട്രേട്ട്:-(തടവുകാരനോടു്) ഇക്കേസ്സിന്റെ സ്ഥിതിക്കു ഞാൻ തന്നെ ആറുമാസത്തെ കഠിനതടവിനു ശിക്ഷിക്കാൻ നിശ്ചയിച്ചിരിക്കുകയാണു്. തനിക്കു വല്ലതും ബോധിപ്പിക്കാനുണ്ടോ?

തടവുകാരൻ:-പൊന്നേജമാനേ! എനിക്കല്പമായിട്ടൊരു സങ്കടംകൂടി ബോധിപ്പിക്കാനുണ്ടു്.

മജി:-കേൾക്കട്ടെ. വേഗം പറയൂ.

തടവുകാരൻ:-എന്റെ ഭാര്യക്കിപ്പോൾ മൂന്നാലുമാസം ഗർഭമാണ്. അതുകൊണ്ടു് അവിടുന്നു ദയവായാലോചിച്ചു ശിക്ഷ ഒരു കൊല്ലമാക്കിത്തന്നാൽ അവളുടെ പ്രസവവുമൊക്കെ അതിനിടക്കങ്ങു കഴിഞ്ഞുകൂടും. യജമാനായിട്ടു അത്രയുമൊരുപകാരം ചെയ്തുതരണം.

*　　*　　*

ഒരുരസികൻ:-(സ്നേഹിതനോടു്) എന്താ സാറേ! നിങ്ങളിത്തവണ നിയമനിർമ്മാണസഭയ്ക്കു സ്ഥാനാർത്ഥിയായി നിൽക്കാഞ്ഞതു്?

സ്നേഹിതൻ:-എന്നെക്കാൾ വിഡ്ഢിയായിട്ടൊരാൾ ഞങ്ങടെനാട്ടിലുണ്ടു്. അയാളിത്തവണ നിൽക്കുന്നു. അതുകൊണ്ടു ഞാൻ വേണ്ടെന്നു വച്ചതാണ്.

*　　*　　*

ഒരുനമ്പൂരി:-റേഷാ! റേഷാ! ഒരു ടിക്കറ്റെടുക്കൂ.

സ്റ്റേ. മാ:-എവിടത്തേക്കു്?

നമ്പൂ:-ഇല്ലത്തേക്ക്.

സ്റ്റേ മാ:-രൂപയെടുത്താട്ടെ.

നമ്പൂ:-രൂപ നന്നേകുറവാ. റേഷൻ ഇല്ലത്തേക്ക വരൂ. അപ്പൊഴാവട്ടെ.

*　　*　　*

ഒരാൾ:-സാറേ! നിങ്ങളുടെ പേരു രണ്ടുവിജ്ഞാപനത്തിലുമുണ്ടല്ലോ.

സാറ്:-അതിനെന്താ? രണ്ടുകൂട്ടർക്കും ഞാനൊപ്പിട്ടുകൊടുത്തു.

ഒരാൾ:-അപ്പോൾ നിങ്ങളാർക്കാണുവോട്ടുകൊടുക്കാൻ പോകുന്നതു്?

സാറ്:-രണ്ടുപേരുടെ പേരിന്റെയും നേരേ ഞാൻ വരച്ചുകൊടുക്കും. രണ്ടുപേർക്കുംകിട്ടിക്കോട്ടേ.

—o—

# കവിതാവിലാസം

( കെ. കെ. കിട്ടുപ്പണിക്കരാശാൻ ബ്യ. ക. മെ.)

അങ്ങനെ!

(I)

ഇൻഡ്യക്കപൊട്ടായ രാജ്യമൊന്നങ്ങനെ
വഞ്ചിഭൂവെന്നൊരു പേരുമുണ്ടങ്ങനെ.
കാട്ടുംമലകളും ധാരാളമങ്ങനെ.
കായലുമാറുമാവേറെയുണ്ടങ്ങനെ.
ഐശ്വര്യലക്ഷ്മീവിളയാട്ടന്നങ്ങനെ.
'ധമ്മമാംദൈവത' മെന്നുമുണ്ടങ്ങനെ
നല്ലൊരു ജാതി മതവുമായങ്ങനെ
നാല്പതുലക്ഷം ജനങ്ങളുണ്ടങ്ങനെ
ഉണ്ടു പ്രജാസഭ കേമത്തിലങ്ങനെ
നേമനിമ്മാണസഭയുമുണ്ടങ്ങനെ
പട്ടിയുംപൂച്ചയുമെന്നപോലങ്ങനെ
ഡിപ്പാർട്ടുമെൻറു പലതുമുണ്ടങ്ങനെ
ദേവസ്വമേർപ്പാട്ട വേറേയുമുണ്ടങ്ങനെ
ഉദ്യോഗമത്സരം മൂത്തുമൂത്തങ്ങനെ
അയ്യങ്കാളിമുതൽപോരുമുണ്ടങ്ങനെ
ഞങ്ങൾക്കെങ്ങൾക്കുദ്യോഗമെന്നങ്ങനെ
അജ്ഞനമാകും പിണക്കമുണ്ടങ്ങനെ
സ്വൽകുത്തുമ്പു മസൂയയുമുണ്ടങ്ങനെ
ജാതിക്കാർതങ്ങളിൽ വൈരമുണ്ടങ്ങനെ
കൈക്കൂലിസേവ ശിപാശുമുണ്ടങ്ങനെ
വേറേവിശേഷങ്ങൾ വേണ്ടോളമങ്ങനെ
ദിവാൻജിയായി സായിപ്പുമുണ്ടങ്ങനെ
കോലാഹലങ്ങൾ പലതുമുണ്ടങ്ങനെ
.....................................
അങ്ങനെയങ്ങനെ അങ്ങനെയങ്ങനെ.

— —

ഇങ്ങനെ!!

(II)

.....................................
.....................................
സത്യവുംധമ്മവുമസ്തമിച്ചിങ്ങനെ
കള്ളംകപടവും വർദ്ധിച്ചിട്ടിങ്ങനെ
കള്ളുചാരായവുമൊന്നിച്ചിട്ടിങ്ങനെ
ബ്രാൻഡിയും വിസ്കിയും മേളിച്ചിട്ടിങ്ങനെ
നാണവുംമാനവുമില്ലാതെയിങ്ങനെ
ഭക്തിവിശേഷവിശേഷങ്ങളിങ്ങനെ
ഭക്തിവിലാസങ്ങൾ താറുമാറിങ്ങനെ
ഈശ്വരവിശ്വാസം നാസ്തിയായിങ്ങനെ
ഈശ്വരൻ പമ്പകടന്നപോലിങ്ങനെ
ഈലോകമെല്ലാവുമായിട്ടുണ്ടിങ്ങനെ
.....................................
ബ്രൂക്ക്ബാണ്ടുകാക്കൊട്ടുവേണ്ടാഞ്ഞിട്ടിങ്ങനെ
ശ്രീവഞ്ചിനാട്ടുകടക്കുന്നുണ്ടിങ്ങനെ
.....................................
ശ്രീവാഴുംകോടിന്നു ഹാർബറൊന്നിങ്ങനെ
പണിയിക്കുന്നുണ്ടുഹാ! കൊച്ചിയിലിങ്ങനെ
കച്ചോടമിന്നാട്ടിൽവർദ്ധിക്കുന്നിങ്ങനെ.
ഇപ്പരുപോലാക്കെന്തുമേതുമാമിങ്ങനെ
ഇച്ചെട്ടിയൊന്നുമറിയാതിങ്ങനെ
മെച്ചത്തിലുണ്ടൊരു പ്രെസ്സലായിങ്ങനെ
എന്നിട്ടുമാക്ഷേപശരവുംകൊണ്ടിങ്ങനെ
മുന്നിട്ടുനിന്നൊരു പത്രങ്ങളിങ്ങനെ
കസ്റ്റംസ്റെഗ്ഗുലേഷനാഹാരമിങ്ങനെ
ആയുധംമറ്റൊന്നുമില്ലാഞ്ഞിട്ടിങ്ങനെ
ആയതബുദ്ധിപ്രയോഗമുണ്ടിങ്ങനെ
ആധാരമാക്കിവിചിത്രമായിങ്ങനെ
ചന്തത്തിലോരോ വിശേഷങ്ങളിങ്ങനെ
വിശേഷമായിട്ടനേകമുണ്ടിങ്ങനെ
.....................................
ഇങ്ങനെയിങ്ങനെ ഇങ്ങനെയിങ്ങനെ

# ഒരു പ്രാത്ഥന

(ഏ. ബീ. സീ.)

ദൈവമേ! കൈതൊഴാം കേൾക്കുമാറാകണം
ലോകമേ! കമ്പിടാം കാക്കുമാറാകണം
വോട്ടർമാരെല്ലാരു മേകുമാറാകണം
വോട്ടുകളെല്ലാവും കിട്ടുമാറാകണം
പെട്ടെന്നുജ്ഞാനമുദിക്കുമാറാകണം
ചട്ടങ്ങളൊക്കവേ തോന്നുമാറാകണം
അക്ബറെപ്പോലെഞാൻ കീത്തിമാനാകണം
ആവശ്യമുള്ളോൎക്കു ബേങ്കുഞാനാവണം
സക്കാരിനെൻറമേൽ പ്രീതിയുണ്ടാവണം
മൽക്കാര്യമൊക്കെയുംസാദ്ധ്യമായീടണം
യോഗങ്ങളെല്ലാ മുടങ്ങുമാറാകണം
യോഗ്യനീഞാനെന്നു വാഴ്ത്തുമാറാകണം
യോഗ്യതയെന്നോടു കൂട്ടമാറാകണം
ഞാനുമീസ്ഥാനവും പൊങ്ങുമാറാകണം
ഞാനെന്നഭാവമേ നീങ്ങുമാറാകണം
എന്നുടെയത്യാശ സാദ്ധ്യമായിടണം
എമ്മെൽസിഞാനെന്നഘോഷമായീടണം
ഘോഷമായീടണം ഘോഷമായീടണം.
ദൈവമേ!......................




കടൽച്ചുങ്കറിഗുലേഷനും തടിച്ചരിപ്പുരങ്ങളും ലെസ്സും അന്തർദ്ധാനം ചെയ്യുന്നതും.
തൽസ്ഥാനത്തു 'മീനാക്ഷിവിലാസ'വും 'വഞ്ചിഭൂമി'യും പ്രത്യക്ഷമാവുന്നതും.

ശ്രീമഹാ

# കമ്പഭാരതം

## കിളിപ്പാട്ട്.

— o —

(കവിഭൂഷണൻ കൊച്ചുണ്ണിനമ്പൂരി.)

---

### തൃതീയകമ്പം

(അന്നനട)

പള്ളിച്ചുകളെല്ലാമൊഴിച്ചു വറ്റിച്ചു
കുറുകിയകാളൻ കലൻനാമൊരുഞാൻ
ഉരുട്ടിത്തന്നിടാമതിൽ ചെമ്മീൻതോരൻ
പുരട്ടിത്തന്നിടാമശിയ്ക്കു ശാരികേ!
വരട്ടെഞാനതിലിരട്ടിനല്ലതാം
വരട്ടിയമാംസം ചിരട്ടയിലാക്കി
ത്തരട്ടയോ നിനക്കൊരിഷ്ടമുണ്ടെങ്കിൽ
പ്പിരട്ടല്ലകിടാം വരിഷ്ഠസാധനം
വിശേഷമാം കഥയശേഷംചൊല്ലേണം
സ്വശേഷിയുള്ളനീ കൃശേതരാനന്ദാൽ
അനന്തശയ്യയിലനന്തകൌതുകാ-
ലനന്തരായം രാഘവകല്പറങ്ങുന്നോ-
രനന്തഗോവിന്ദപ്പണിയ്ക്കരച്ഛനോ-
ടനന്തരം ചതുർമ്മുഖയ്യരോതിനാൻ
വിടനാംഭാരതൻ കൊതിച്ചുവേട്ടോരു
മടവാരേവരെല്ലാം പുലർന്തിവാഴുംപോൾ
കടവയറിമാർ ദിനന്തോറുംതമ്മിൽ
തുടങ്ങിമത്സരമസൂയയാദികൾ
കിടന്നാലെല്ലാരും കിടന്നീടുമപ്പോൾ
നടന്നാലെല്ലാരും നടന്നീടുമപ്പോൾ
കുളിച്ചാലെല്ലാരും കുളിച്ചീടുമപ്പോൾ
കളിച്ചാലെല്ലാരും കളിച്ചീടുമപ്പോൾ
പുണർന്നാൽകാന്തനെ പ്പുണരുമെല്ലാരും
വെടിഞ്ഞാൽകാന്തനേ വെടിയുമെല്ലാരും
കൊടുത്താൽകാന്തന്നു കൊടുക്കുമെല്ലാരും
അടുത്താൽകാന്തനോടടുക്കുമെല്ലാരും
* ഒരാളരിവച്ചാലൊരാളരിവയ്ക്കു
മൊരാൾകറിവച്ചാലൊരാൾകറിവയ്ക്കും-
ഒരുത്തിപേടിച്ചാലൊരുത്തിപേടിയ്ക്കു-
മൊരുത്തിതാഡിച്ചാലൊരുത്തിതാഡിയ്ക്കും
ഒരുത്തിപാടിയാലൊരുത്തിപാടീടു-
മൊരുത്തിചാടിയാലൊരുത്തിചാടീടും
വലിയമത്സരമിവർന്നുംകണ്ടപ്പോൾ
തലയിൽകൈവച്ചു കരഞ്ഞുകെട്ടിയോൻ
കുഡുംബംകൈവിട്ടു ഗമിയ്ക്കയോഞാനി-
ന്നുടൻകെട്ടിഞാന്നു മരിയ്ക്കയോവേണ്ടു
പിടിച്ചുപെട്ടെന്നപ്പോർമുലമാരെയെല്ലാ-
മടിച്ചുകൊന്നാലോ മടിയ്ക്കാതിന്നുഞാൻ
പുരയ്ക്കുതീവച്ചിട്ടതിൽ കിടന്നുഞാൻ
മരിയ്ക്കയോവേണ്ടതിവരോടുംകൂടി
മനസ്സിലിത്തരം പലതുംചിന്തിച്ചു
കനത്തദുഃഖത്തോടിരുന്നു ഭാരതൻ
മറന്നുശേഷമീ കഥഞാൻപുസ്തകം
തുറന്നുനോക്കട്ടെന്നൊരു നുണചൊല്ലി
പിറന്നകൂട്ടിലേയ്ക്കെഴുന്നേറ്റനേരം
പറന്നുപൈങ്കിളികിടാത്തി മണ്ടിനാൾ.
ഇതിശ്രീമഹാകമ്പഭാരതേ തൃതീയകമ്പം
(സമാപ്തം.)

### ചതുർത്ഥകമ്പം

(മിശ്രകാകളി)

വരികകിളിപ്പെൺകുകഥയതിന്നൊരുപ്രകാരമായ്
വല്ലതുംഞാനൊന്നു ചെയ്യാതിരിയ്ക്കുമോ
തടമുലകൾ.........നതിവിരുതനേ കൊണ്ടു്
സംബന്ധമിപ്പോൾ കഴിപ്പിച്ചുതന്നിടാം
ഇതിലധികമൊരുഗുണമിതെന്തുചെയ്യേണ്ടു
നിന്നുതത്തമ്മേ നിനക്കുചിന്തിയ്ക്കനീ [ഞാ
കൃപയോടതുമൊഴിയിൽ ഫലിപ്പോലെകേട്ടാദ
കിരക്കിഴവിയാൾ ശേഷമോതീടിനാൾ [രാൽ
വൃഷലികളുമഴകൊഴുകു മന്തർജ്ജനങ്ങളും
വിപ്രനോടൊന്നിച്ചു തത്രവാണീടവേ
ഒരുവളൊരുകഴവിനൊപ്പുതുത്തു തമ്മിൽതല്ലി
ഒന്നിന്റെകൈകാലൊടിച്ചിട്ടനന്തരം
ഇതരയൊരുതരുണിയുടെ തലമുടിമുറിച്ചിട്ട-
തഗ്നിയിൽതീയിലിട്ടാശു ചുട്ടീടിനാൾ
കണവനതുകനിവിനൊടു കണ്ടെത്രതീടവേ
കാന്തനേത്തള്ളി കിണറ്റിലിട്ടാളവൾ
ഒരുവളതിനവളുടെ കഴുത്തിൽപ്പിടിച്ചുന്തി
ഓടിച്ചുമറ്റൊരു കൂപത്തിൽ വീഴ്ത്തിനാൾ
തലയിലുടനൊരുപടിയടിച്ചൊരമ്മച്ചിയാൾ
താപാൽമറിഞ്ഞുവീണാശു കേണീടിനാൾ
കതുകമൊടുകലടകളെ വേട്ടോരുഭാരതൻ
കൂപത്തിൽനിന്നും പിടച്ചുകേറിക്ഷണാൽ
ഒരുമുറിയിലൊരുവളെയ്തൊരുമുറിയിലന്യ
ഓരോകഴവിനേ വേറെയാക്കീട്ടിയാൻ [യേ

---

* രണ്ടാമത്തെ 'ഒരാൾ' എന്നതിനു 'മറ്റൊരാൾ' എന്നാണത്രെ കവിഹൃദയം.

വിരവിനൊടു കുന്തകങ്ങളടച്ചുപൂട്ടിക്കൊണ്ടു
വിപ്രാങ്കൻ വാണാൻ കർത്തവ്യമൂഢനായ്
തലയിടിയുമൊരു പനിയുമടിയനിത വന്നെന്നു
തരുണമമ ചൊല്ലിത്തളർന്നു വീണീടിനാൻ
ഇതി ശ്രീമഹാകമ്പഭാരതേ ചതുർത്ഥകമ്പം.
(സമാപ്തം)

## പഞ്ചമ കമ്പം.

(കേക)

ചാരായപ്രഥമൻ ഞാനവച്ചു നിൻ വായ്ക്കുള്ളിൽ
ധാരയായൊഴിച്ചീടാം ശാരികക്കുഞ്ഞമ്മേ!
ഭാരതൻ വേട്ടോർകളെ കൊണ്ടുപോയ് പുരയ്ക്കുള്ളിൽ
പാരാതിട്ടടച്ചതിൽപ്പിന്നെയെന്തവൻ ചെയ്തു
അക്കാര്യംകേട്ടീടുവാൻ "കമ്പ"സ്വാമിയ്ക്കുള്ളിൽ
സൽക്കൊതിയുണ്ടെന്നപ്പോൾ വാണിനായരോടോതി
മൂന്നാം പുരയ്ക്കുള്ളിൽപ്പൂണ്ണിക്കിട്ടടത്തനാൾ
കാരണോർ ചെന്നോരോന്നിനേപ്പുറത്തേയ്ക്കിറക്കിനാൻ
ചോറുനൽകീടായ്കയാൽ നമ്പൂരി ഭാര്യമാ-
രാരണ്ണൻ തൻനേർക്കേൻ യുദ്ധത്തിന്നൊരുമ്പെട്ടാർ
ചൂലെടുത്തൊരു പെണ്ണാം കോലെടുത്തൊരു പെണ്ണാം
ചാലവേ മുറമെടുത്തീടിനാളൊരു പെണ്ണാം (ൾ
അരിവാളെടുത്തൊരാൾ പിരിവാളെടുത്തൊരാൾ
അരിവാർത്തിടും മടപ്പലകയെടുത്തൊരാൾ
കരണ്ടിയെടുത്തൊരാൾ കൊരണ്ടിയെടുത്തൊരാൾ
മരക്കൈയെടുത്തൊരാൾ മുറിക്കൈവിട്ടെടുത്തൊരാൾ
ചട്ടകമെടുത്തൊരാൾ ചട്ടിയെടുത്തൊരാൾ
പെട്ടകമെടുത്തൊരാൾ കട്ടകമെടുത്തൊരാൾ
കിണ്ടിയുമെടുത്തൊരാൾ ഗുണ്ടിയുമെടുത്തൊരാൾ
രണ്ടുകയ്യിലുമമ്മിക്കുഴവിയെടുത്തൊരാൾ
ഇത്തരം നാനാവിധമായുധമെടുത്തുകൊ- (ൻ
ണ്ടൊരുത്തപോലോടിച്ചെന്നാർ കാന്തനെക്കൊന്നീടുവാ
ചൊല്ലിനാളൊരുത്തിയാം തല്ലിനാളൊരുത്തിയാം
പിടിച്ചാളൊരുത്തിയാളടിച്ചാളൊരുത്തിയാം
മീശയിൽ തൂങ്ങിക്കിടന്നീടിനാളൊരുത്തിയാം
ആത്തുകോണവാൽപിടിച്ചോടിനാളൊരുത്തിയാം
പൂണൂൽ പൊട്ടിച്ചെറിഞ്ഞീടിനാളൊരുത്തിയാം
തൂണുപോലെഴും കാലിൽ കടിച്ചാളൊരുത്തിയാം
ഭർത്താവിൻ കഴുത്തിൽപ്പിടിച്ചു കനിച്ചൊരാൾ
തൃത്തലക്കഷണ്ടിയിൽത്തേങ്ങയൊന്നുടച്ചൊരാൾ
ഏകഭാര്യയെയല്ലാതൊരേഴെണ്ണത്തിനെ
പ്പാകംപോൽ വരിച്ചതിൻഫലമാണിതെന്നപ്പോൾ
ഭാരതന്നുള്ളിൽത്തോന്നിപ്പശ്ചാത്താപമായിട്ടും
ചായശാലയിൽക്കളിച്ചത്യന്തം വിശ്രുതനായ്
സത്വരമിടിവെട്ടിത്തീത്തുലോം തലയിൽ വീ-
ണതപ്പിൽത്തങ്കച്ചിമാരാറെണ്ണം കരിഞ്ഞുപോയ്
ഭർത്തൃനിന്ദതൻഫലമാണിതെന്നറിഞ്ഞൊരാറും
ഭക്തിയോടപ്പോൾശേഷിച്ചൊരു ഭാരതിത്തയ്യൽ
വിപ്രനെപ്രദക്ഷിണംവച്ചുടൻ വണങ്ങി വീ-
ണാ പ്രണയനാൽ നമസ്കരിച്ചു നൂറെട്ടുവട്ടം
വാഗ്മൂർത്തിയോറോഷ്ടച്ചവിയന്ന സാദരോടപ്പോൾ
ശേശിമൽജ്വരം മാറിപ്പോയിതെന്നാത്മാവോൽ
ഒന്നുമാത്രത്തിൽപ്പരം വേളികൾ കഴിയ്ക്കുവാൻ
തോന്നരുതൊരാൾക്കുമെന്നോതിയാക്കള്ളപ്പെണ്ണാം
ക്കുട്ടകില്ലിനിയ്ക്കിനിച്ചൊല്ലാനൊന്നാണെഞ്ചൊല്ലി
ക്കൂട്ടുപക്കടൻ ജാരന്മാരുമായ് വാണീടിനാൾ.
ഇതി ശ്രീമഹാകമ്പഭാരതം സമാപ്തം.

## *പെണ്ണുകെട്ടേ പെണ്ണുകെട്ട്.

ഒരു ചെറുകഥ.

(കെ. ജി. കൊച്ചിടിച്ചാണ്ടിച്ചൻ ബി. എ. ബി. ഡി.)

I

ഒരു കിഴക്കുപടിഞ്ഞാറൻ റോഡ്ഡ് തെക്കുവടക്കൻ റോഡ്ഡിനെ വിലങ്ങിയുണ്ടാക്കിയ കുരിശ്. എന്നുവെച്ച് അതിൽ ഭൂകമ്പം നിറുത്താൻ വേണ്ട ദിവ്യശക്തിയില്ലാഞ്ഞ് ഒരു യേശുവിനേയും ആരും തറച്ചു കൊന്നുവെന്നു ശങ്കിക്കരുതേ. അതിന്റെ വടക്കുവശത്തു റോഡ്ഡരികിലായി തേരട്ടയുടെ മുറികൾ പോലെ, പെമ്പിള്ളച്ചികളുടെ മടിയിലെ ഞെറികൾ പോലെ അടുത്തടുത്തു കുറെ ഷെഡ്ഡുകളുണ്ട്. ഇവയിൽ രണ്ടാസനക്കാരെ പഴുക്കവെയ്ക്കുന്നതിനുള്ള ഫോർഡ്, ഡഡ്ജ്, ഷവർലെറ്റ് മുതലായ അഷ്ടാസനങ്ങളും, ബസ്സുകളും കിടപ്പുണ്ട്. 'മൂട്ടകടിയും, പഴന്തലയിണയുടെ ഗന്ധത്തെ വെല്ലുന്ന ഗന്ധവും ഏറ്റ്, തലയ്ക്കു ലക്കില്ലാത്ത ഡ്രൈവർമാരുടെ അസഭ്യവാക്കുകളും കേട്ട് എല്ലു നുറുങ്ങേണമെങ്കിൽ വരിൻ!, എന്നു വിളിക്കുന്നതുപോലെ ഇവയുടെ ക

* 'ഇപ്പോഴത്തെ നോവലുകളിലും ചെറുകഥകളിലുമുള്ള സ്ത്രീപുരുഷകഥാപാത്രങ്ങൾ പ്രായേണ നായർസമുദായക്കാരായിട്ടേ കാണപ്പെടുന്നുള്ളു. അന്യസമുദായങ്ങളിൽ നിന്നും സ്ത്രീപുരുഷകഥാപാത്രങ്ങളെ കഥാനിർമ്മാണത്തിനു ഉപയോഗിച്ചുകൂടെന്നൊരു ദുർബ്ബുദ്ധിയും കുശുമ്പും കൂടി ഇപ്പോഴത്തെ ചില എഴുത്തുകാർക്കുള്ളതായി തോന്നിപ്പോകുന്നു.' എന്നിത്യാദി റിമാർക്കുകളോടുകൂടി കൊച്ചിടിച്ചാണ്ടിച്ചൻ അവർകൾ അയച്ചുതന്നിട്ടുള്ളതാണ് ടി. കഥ. കഥാകാരനു ഞങ്ങൾ വളരെ വന്ദനം പറയുന്നതോടുകൂടി സ്ത്രീപുരുഷകഥാപാത്രങ്ങളുടെ ജാതിമതാദികളൊന്നും നോക്കാതെയും യാതൊരു ദുർബ്ബുദ്ധിയും കുശുമ്പും കൂടാതെയും കൊച്ചിടിച്ചാണ്ടിച്ചൻ അവർകളുടെ കൊള്ളാവുന്ന കഥകൾ പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾക്കു എപ്പോഴും സന്തോഷമാണുള്ളതെന്നുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. വി. പ.

ഴച്ചകൾ 'പെറാപെറാ' എന്നു് ഇടവിടാതെ ശബ്ദിക്കുന്നതു കേൾക്കാം. ഈ വാഹനങ്ങളുടെ വരവുകൊണ്ടു, വഴിയുടെ നിരവുകൊണ്ടു ചെല്ലുന്നപോലെ ധനം നഷ്ടപ്പെടുന്നുണ്ടെങ്കിലും, യാത്രാസൌകര്യവും, ക്ഷാമമെന്നപോലെ വർദ്ധിച്ചിട്ടുണ്ടെന്നു, തെളിഞ്ഞ വശം മാത്രം നോക്കുന്നവർക്കു സമാധാനപ്പെടുവാൻ വഴിയുണ്ട്. ആളുകൾ വഴിനടന്നാൽ കണ്ണിൽ മണ്ണിടും, ഡ്രൈവരങ്ങനു ശകാരിക്കും; തല്ലും; പിന്നെ ചിലപ്പോൾ വണ്ടിതന്നെ ദേഹത്തിൽ കയറും. ഈ വണ്ടികളിൽ കയറുന്നവർക്ക് ഏതു് ഓടയിലോ, ചരിവിലോ ആണു ശവക്കുഴിയെന്നു് എപ്പോഴും ഭയപ്പെടണം, വഴിയേ പോകുന്നയാളുകൾ എപ്പോഴാണു ചമ്മന്തിയാവുന്നതെന്നു് പേടിക്കണം; ഇങ്ങനെ ഇരുകൂട്ടക്കാർക്കും, ക്രൂനിസിസ്റ്റുകാരെന്നും കാണികൾക്കുമെന്നപോലെ സങ്കടോന്മകം കൂടാതെ, തമ്പുരാന്റെയും, അയ്യരുടെയും, ഉദ്യോഗസ്ഥന്റെയും കൂലിവേലക്കാരന്റെയും ആരാധനാമൂർത്തികളായ വനിതയും, ധനവും ഒരു രക്ഷയുമില്ലാത്ത സ്ഥിതിയിലായിത്തീർന്നിട്ടുണ്ടെന്നുള്ളതും പ്രസ്താവയോഗ്യം തന്നെ. ഇതൊക്കെയുക്കുമേലേ ഡ്രൈവർ കേ. ഡി. കൊച്ചാട്ടന്മാരുടെ 'പെരവ'റാണു അത്യന്തം അസഹനീയം. ഇതു കണ്ടാൽ, വൈക്കം പടിഞ്ഞാറേനടയിലെ മി. പിച്ചുവയ്യങ്കാരും, ലെജിസ്ലേറ്റീവ് കൗൺസിലിലെ മി. വാട്സും ഒട്ടുംസാരമില്ല.

മേൽപ്പറഞ്ഞ വയൽ കിഴക്കേപടിഞ്ഞാറൻവഴി കവലയിൽനിന്നു നേരേ കിഴക്കോട്ടിറങ്ങിപ്പോകയാണു ചെയ്യുന്നതു്. ഈ വഴിയെ ഒരു ഫർലാങ് കീഴ്പെട്ടിറങ്ങിച്ചെന്നാൽ, ഇടത്തുവശത്തു ഒരു പീടികയുടെ പിന്നിലായി ഒരു രണ്ടുനിലക്കെട്ടിടത്തിന്റെ മേലേനില, വേലിക്കപ്പുറത്തു നിൽക്കുന്നൊരു സുമുഖിയുടെ വദനംപോലെ കാണാം. ധനികപത്നിയുടെ വിളറിയ കവിൾപോലെ, വിളറിയ ഒരു ചന്ദ്രശാല ഉഷസ്സിന്റെ ചില രശ്മികൾ തട്ടി അങ്ങിങ്ങു സ്വർഗ്ഗീയപ്രാബല്യം വർദ്ധിപ്പിക്കാൻ എടുത്തുചാടിയ ഉദ്യോഗസ്ഥപത്നിപ്രവീരയെപ്പോലെ മഞ്ഞളിച്ചു മങ്ങുന്നു. ഇതിന്റെ പിൻവശത്തു വെൺപല്ലുകളുടെ പിമ്പിൽ ഗംഭീരമായ വായെന്നപോലെ അതിവിസ്തൃതമായ ഒരു മുറി. മെഴുക്കും, ചെളിയും, മററു പല സാധനങ്ങളും പററിച്ചുവിണ്ടും, ചോർന്നൊലിച്ച മഴവെള്ളം വീണ പാടുകൾ പൂണ്ടും, പണ്ടെങ്ങാണ്ടുപ്പാപ്പന്മാരുടെ കാലത്തു നിർമ്മിച്ചിട്ട മെത്തകളേക്കൂടിയ ചില കസേരകൾ അതിനകത്തു കിടപ്പുണ്ടു്. റോസ്റ്റിൽക്കിടക്കാറുള്ള പിച്ചക്കാരെപ്പോലെ, ഇവയിൽ ചിലതു കൈയൊടിഞ്ഞും, ചിലതു കാലററും, മററുചിലതു കഴുത്തുകെട്ടും കാണപ്പെടുന്നു. ചെന്നിരുന്നുനോക്കിയാൽ, ചൊറിച്ചലും, വേദനയും ഒന്നിച്ചുതരുന്ന ചെറുതരം 'വാക്സിനേറററ്'മാർ, ഞങ്ങളുമുണ്ടേ എന്നറിയിക്കും. ചുണ്ണാമ്പുതുത്ത പാടുകളും, ചില സിഗററുമുറികളും വീണ മെഴുകശീല വിരിപ്പണിഞ്ഞ ഒരു പഴമേശയും അവിടെയുണ്ട്. തൊടാൻ അറയ്ക്കുന്ന മണ്ണും, ചെളിയും, അഴുക്കുകളും പററിയ കുറേ പുസ്തകങ്ങൾ അതിന്റെ പുറത്തു ചിന്നിക്കിടക്കുന്നു. എണ്ണയും, വിയർപ്പും പററിയതുകൊണ്ടു ചാക്കോ, കപ്പൽപ്പായോ എന്നറിവാൻ നിവൃത്തിയില്ലാത്ത ഒരു കിടക്ക കസേരമേൽ പത്തൻപതുവയസ്സു പ്രായം ചെന്ന ഒരു ക്രാപ്പുകാരൻ കിഴക്കോട്ടു തിരിഞ്ഞു കിടക്കുന്നു. കീറപ്പോയ രണ്ടുമൂന്നു ഭാഗം തുന്നിപ്പിടിപ്പിച്ച ഒരെഴുന്നൂററിമൂന്നിന്റെ മുഖമുറിയാണു് അയാൾ ഉടുത്തിരിക്കുന്നതു്. രോമത്തിന്റെ നിറംകൊണ്ടും, നീളംകൊണ്ടും, കണ്ണിന്റെ ശോഭകൊണ്ടും ആ മനുഷ്യന്റെ തല ഏതാണ്ടു പൂച്ചയുടെ ശിരസ്സിനോടൊക്കുമെന്നു തോന്നുന്നു. പല്ലുകൾ കൊഴിഞ്ഞിട്ടില്ലെങ്കിലും പുഴുതിന്നിട്ടുള്ളതുകൊണ്ടു ൯൦-ശതമാനവും നഷ്ടപ്പെട്ടുവെന്നുപറഞ്ഞാൽ തെററില്ല. നരച്ച മേൽമീശ മുറുക്കുകറപററി വേനൽക്കാലത്തുണ്ടാകാറുള്ള ഊപ്പുപ്പുല്ലുപോലെ ചെമ്പിച്ചിരിക്കുന്നു. ഇതാണു പ്രസിദ്ധധനികനായ മിസ്റ്റർ ചാക്കോമാപ്പിള.

മേശയുംചാരി ചാക്കോമാപ്പിളയുടെ ഇടത്തുവശത്ത് അടുക്കലായി മദ്ധ്യവയസ്കയായ ഒരു പെമ്പിള നിൽക്കുന്നു. ഏതോ ചായത്തൈലം പുരട്ടിയപോലെ അതിനീലിമയും, 'തിരിപ്പൻ' വെച്ചുകെട്ടിയതുപോലെ പുഷ്ടിയുമുള്ള കേശം സാത്ഥനാമകനായ 'വികാരി'യുടെ കൈപ്പടംപോലെ മിനുസമായി ചീകി കെട്ടിവെച്ചിരിക്കുന്നു. മസൂരിക്കുഴികൾ നിറഞ്ഞ നെററി, തട്ടാന്മാരുടെ അരഞ്ഞാണം നീട്ടാനുള്ള അച്ചുപോലെ വിലസുന്നു. പഴയമട്ടിൽ തുളച്ചുവളർത്തിയ കാതിന്റെ ദ്വാരങ്ങൾ, പൊന്നുകൊണ്ടു തീർത്തു നടുക്കു കല്ലുവെച്ച ചെറു 'ചേങ്കിലകൾ' കൊണ്ടു അടഞ്ഞിരിക്കുന്നു. ചെളികേറി നിറം കറുത്തുപോയ ഒരു ചരട്ടിൽ കോർത്ത മിന്നു് ഒരു മിന്നാമിനുങ്ങിപോലെ കഴുത്തിൽ മിന്നുന്നു. കഴുത്തിന്റെ പിറകിൽ അധികം അഴുക്കു പററിയ ജപ്പാൻചട്ടയിൽ കലുങ്ങുന്ന രണ്ടു ചെറുതലയിണകൾ, അരിമാവുപുരട്ടിയ അമ്മിപ്പിള്ളയോടോ മൂത്തുവെളുത്ത തടിയൻകായയോടോ ഉസ്ഥിപിടിക്കുന്നതെന്നു സംശയം. സ്തനങ്ങൾ സ്വസ്ഥാനംവിട്ടു തന്റെ സ്ഥാനം അപഹരിച്ചതുകൊണ്ടു നിവൃത്തിയില്ലാതെ വ

ന്നിട്ടെന്നപോലെ അവരുടെ വയറ്—ഒരുചെറിയ തുറവിനോടു സാദൃശ്യപ്പെടുത്തിയാൽ അതിശയോക്തിക്കുടാതെ കഴിക്കാവുന്ന ഉദരം-തുടയുടെ പകുതിയോളം തൂങ്ങിക്കിടപ്പുണ്ട്. വാഴക്കാക്കറെയും, വെററിലത്തുപ്പലും, മഞ്ഞളും മററും പററിയ പുള്ളികളും, മീൻവെള്ളത്തിൻെറ വാടയുമുള്ള അവരുടെ ചേല 'വഞ്ചിപ്പാനാവതല്ലാ കണ്ഡലീശനുപോലും' അവരുടെ ആകപ്പാടെയുള്ള സൌന്ദര്യത്തിനു ഏതു സന്യാസിയച്ചനും വേണ്ട മാർക്ക കൊടുക്കും. ഇതാണു ശ്രീമതി ഏലിയാമ്മ. ടിയാൻെറ പ്രിയ പ്രേയസി. ഇവർ ഈ അവസരത്തിൽ ഇങ്ങനെ പറകയായിരുന്നു:—

ഏലി:-പിന്നേ അതിൻെറ കാര്യമൊന്നു നിശ്ചയിക്കണമെല്ലോ. എന്തേലും തീർച്ചപറേണം. എന്താ ഇതുവരെമാത്രംകൊക്കെ വിചാരിക്കാനൊള്ളു?

ചാക്കോ:-ഒന്നുമില്ലെടീ. പക്ഷേല് അവൻ എങ്ങനൊള്ളവനാന്ന് ഒന്നറിഞ്ഞിട്ടുവേണ്ടായോന്നാ?

ഏലി.—അതിപ്പ ഒക്കുന്നതാന്നോ; ചൂണ്ടയിട്ടവം എന്തുമീനാ കൊത്തുന്നോന്നറിയാമോ? വലിച്ചെടുത്തേപ്പോക്കതെതാള്ളു-

ചാക്കോ:-അതുകൊണ്ടാ പാപ്പച്ചൻ വന്നു കണ്ടോട്ടെന്നാന്നോ നിൻെറ അഭിപ്രായം?

ഏലി:-പിന്നല്ലാണ്ടെന്നാ; അവനു പെണ്ണെങ്ങനിരിക്കുമെന്നറിയണ്ടായോ? മീൻമേടിക്കുന്നേനു മുമ്പേ അതിൻെറ കട്ടിയൊന്നുനോക്കാൻ നമ്മളു കൈയിലെടുക്കാറില്യോ?

ചാക്കോ.—അങ്ങിനാണെങ്കി അവക്ക് വർത്താനംപറയാനുമ്മററും എന്നാകൊടുക്കണ്ടായോ?

ഏലി:-വേണേവേണം. ഒരു ബിയെബീയെക്കാരനല്യോന്ന്? കിട്ടിയാ തരമല്യോ?

ചാക്കോ:-അതതേ. പക്ഷേല് പച്ചമേലാം കത്രീയേം കൂടെയോപ്പിക്കുന്നപോലാ അത്.

ഏലി:—കൊറച്ചൊക്കെ വിട്ടുവീഴ്ചചെയ്യാതെ കാര്യം നടക്കുമോ? ഇല്ല തെങ്ങിലേ മറിയേം കൊച്ചങ്ങളെ അച്ചാമ്മേം മററും വേഴംകെട്ടി കെഴക്കെങ്ങാണ്ടു ചെന്നു മിശ്രസ്സമ്യോഗം കൊണ്ടേവനോലും പേതമല്യോന്നേ? ഇവിടെ വരാമ്പോന്നു മാപ്പളേംതായിട്ടു തമാശിക്കുന്നേളല്ലോ.

ചാക്കോ:-എ ങ്കാനു വച്ചാ അങ്ങനെചെയ്യ്. മാലിയൊന്നുമൊണ്ടാകരുത്. അത്രയൊള്ളു

ഏലി.-അതൊക്കെ ഞാം തുക്ഷിച്ചോളാം.

ചാക്കോ.-നേരം ഏഴരമണിയായെടീ! കാപ്പിയായെങ്കി കൊണ്ടുവരാൻ അന്നാമ്മയോടു പറ.

ഏലി.-ഇതാ കൊടുത്തയച്ചേക്കാം.

എന്നും പറഞ്ഞ് ആ ഗൃഹിണി താഴത്തേയ്ക്കു പോയി. ചാക്കോച്ചൻ കാപ്പിയുംകാത്തിരിപ്പുമായി.

## II.

ഒരു സായങ്കാലം. ചാക്കോ മാപ്പിള 'ഞായറാഴ്ചവേഷ' വുമായി ദിനാന്തസഞ്ചാരിക്കുപോയി. ഏലിയാമ്മ കടൽവാഴക്കാച്ചന്തയിലേയ്ക്കു കുടവയറുമാട്ടി താറാവിനെപ്പോലെ നടന്നുപോയി. ഈ അവസരത്തിൽ ഒരു യുവാവ് പടിഞ്ഞാറുനിന്നു കിഴക്കോട്ട് പശ്ചിമാക്കനിൽനിന്നു പറന്നുവരുന്ന ഒരു കനകരശ്മിപോലെ വരുന്നു. ആളിന് അധികം നീളവും വളരെ വണ്ണവുമില്ല. വയസ്സ് ഇരുപത്തിമൂന്നോ ഇരുപത്തിനാലോ കാണും. പൌഡറിട്ടപോലെയുള്ള മുഖത്ത് കട്ടിപ്പപ്പടം പതിച്ചവിധം വട്ടപ്പൊരികണ്ണികൾ, കട്ടിക്കടെലാസിൽ നിരത്തിയ വെള്ളിത്രപാകൾപോലെ അത്യന്തം പ്രകാശിക്കുന്നു. കണ്ണുകളിൽനിന്ന് ഏതോ ഒരു രസം പ്രസരിക്കുന്നു. അവ കലിച്ചിരിക്കുന്നത് മണ്ണെണ്ണപ്പുകയേററ് ഉറക്കമിളച്ചതിൻെറ ഫലമായിട്ടായിരിക്കാം. സിഗററാക്കറ പററി കറുത്ത അധരം തേരട്ടയോടോ, അളിഞ്ഞ തൊണ്ടിപ്പഴത്തോടോ, പച്ച മത്സ്യത്തിനോടോ എന്തിനോടുപമിക്കേണ്ടുവെന്നു നിശ്ചയമില്ല. തലമുടി ക്രാപ്പുചെയ്ത് എന്താണ്ടെല്ലാം തൈലങ്ങൾ പുരട്ടി ചീകി വളച്ചുപുള്ളച്ചൊക്കെ വെച്ചിരിക്കുന്നു. വെള്ളവെള്ളെ മീൻവയറുപോലെ വെളുത്ത് 'തടതട' എന്നു ശബ്ദിക്കുന്ന ഒരു മൽമൽമുണ്ടു തറ്റുടുത്തിട്ടുണ്ട്. അന്നാലക്കിയെടുത്ത ഒരു ടിൻഷട്ട് സ്പണ്ണബട്ടൻസിട്ട് ശരീരത്തോടു ഫിടിപ്പിച്ചിരിക്കുന്നു. പക്കിൽക്കസവും വില്ലങ്ങപച്ചക്കരയും വയ്ക്കാൽ വണ്ണവുമുള്ള ഒരു നേരിയത് പൂണൂൽപോലെ ഷർട്ടിന്മേൽ ചുററിക്കെട്ടിയിരിക്കുന്നു. ഇടത്തുകൈയിന്മേൽ റബ്ബർചുററിട്ടുകെട്ടിയ റിസ്റ്റ്വാച്ച്, വൃക്ഷക്കൊമ്പിൽ കരുത്ത കമിഴ്പോലെ നിതരാം വിളങ്ങുന്നു. തൻെറ വേഷഭൂഷകൾക്ക് യാതൊരുകുറവും തട്ടരുതെന്ന വിചാരത്താൽ, വണ്ടികളും ആളുകളും മുട്ടാത്തവിധം ഇടയ്ക്കിടെ ഒഴിഞ്ഞും, ചുളിഞ്ഞും, എത്തിച്ചാടിയും, റാലിയെക്കണ്ടുമുട്ടിയ സക്കീറ്റിൽ എലിസബത്തു റാണിപോലെയോ, ജലപിശാചുകാരൻ നമ്പൂരിപ്പാടുപോലെയോ ആണു് നമ്മുടെ യുവാവ് ചെരിപ്പുകൾ കരയുമാറു നടക്കുന്നത്. ഇതിനിടെ അയാൾ ചാക്കോച്ചൻെറ പടിക്കൽ എത്തിക്കഴിഞ്ഞു. പടി കയറി നിന്നിട്ട് ചെരിപ്പിൽ നിന്നു സ്വന്തം പാദങ്ങളെ എടുത്തയ്ക്കായുടെ കാമ്പു തൊലിയിൽനിന്നു 'പതിനാറമ്മാ' രെന്നു സുപ്രസിദ്ധരായ കറിക്കുവെട്ടുകാർ എന്നപോലെ ഇങ്ങു വലിച്ചെടുത്തു.

അകത്തു കടന്നുചെന്നിട്ട് വെളിയിൽ ആരെയും കാണാതെ യുവാവു് ഉദ്യോഗസ്ഥശിലാപ്രതിമകളെ കാണ്മാൻ ചെല്ലുന്ന ഉദ്യോഗാർത്ഥിക്കാലുനക്കികളെപ്പോലെ ഇതികർത്തവ്യതാമൂഢാഗ്രേസരനായി. ഉദ്യോഗസ്ഥരാക്ഷസന്മാരുടെ പടികാവൽക്കാരുമുഖാന്തിരം വിവരം അറിയിക്കയെന്നൊരാശപാസം ഉള്ളതായി പാപ്പിക്കു് (അതാണു് യുവാവിന്റെ പേരെന്നു വായനക്കാർ ഊഹിച്ചുകൊള്ളുമല്ലോ) അപ്പോൾ തോന്നി. ഏതവസ്ഥയിലും മനുഷ്യരെ കർത്തവ്യത്തിലേയ്ക്കു നയിക്കുന്ന ആ ശക്തി — കള്ളുകുടിപ്പാൻ കുടിയനെ പ്രേരിപ്പിക്കുന്നപോലെയുള്ള ആ ശക്തി — പാപ്പിയേയും അപ്പോൾ സഹായിച്ചു. അവൻ പഴയ കണിയാന്റെ വിദ്യതന്നെ എടുത്തു. അപ്പോൾ ഒരു ഭൂലോക'എയിഞ്ജൽ' അവന്റെ കണ്ണുകളിൽ ഉള്ളൂർ പറയുമ്പോലെ "കനകാഭിഷേകം" ചെയ്തു. "അപ്പൻ അങ്ങോട്ടിറങ്ങിപ്പോയി. ഇങ്ങു വന്നാട്ടെ" എന്നു പവൻകിലുങ്ങുന്ന സ്വരത്തിൽ അവന്റെ മനം കുലുങ്ങുമാറു് ആ തരുണി പറഞ്ഞു. അഭിമാനം പിറകോട്ടും അഭിലാഷം മുൻപോട്ടും വലിക്കയാൽ, പാപ്പി കടകോലിന്റെ മട്ടിൽ കുറേനേരം നിന്നു കറങ്ങിപ്പോയി. താൻ വന്നതു് ആ സുന്ദരിയുടെ ലാവണ്യനദിയിൽ മീൻകുഞ്ഞുപോലെ നീന്തിക്കളിച്ചു പരിചയപ്പെട്ടു കാര്യലാഭംനേടാനാണല്ലോ. പിന്നെ ഇങ്ങനെ ലജ്ജിച്ചു പിൻതിരിഞ്ഞാൽ കണക്കാകയില്ലല്ലോ എന്നു വിചാരിച്ചു് ധൈര്യം സംഭരിച്ചു പിടയ്ക്കുന്ന നെഞ്ചോടും, ഇടറുന്ന പാദങ്ങളോടും ഒരു കണക്കിൽ കാര്യസാദ്ധ്യസോപാനം പോലെയുള്ള കോണിപ്പടി കയറി മട്ടുപ്പാവിൽ ഇട്ടിരുന്ന ഒരു കസേരയിൽ ചെന്നിരുന്നു. മുറിക്കകത്തു വാതിൽക്കലായി അന്നാമ്മയും നിലകൊണ്ടു. വെള്ളത്തിൽ പാതി മുങ്ങിയ കനക സരസിജംപോലെയും, പാതി പുഴുതിന്ന റോസാകുസുമംപോലെയും, പകുതി പൊട്ടിപ്പോയ കണ്ണാടിപോലെയും ആ തരുണിയെ ആ യുവാവു് ആവോളം, ഉമാകേരളകർത്താവു പറയുമ്പോലെ "ഷാപ്പിലുള്ളാരു പറങ്കിവായിൻപോൽ കാപ്പിയാക്കി" എണ്ണപുരട്ടി മിനുമിനെ ചീകിവച്ചിരുന്നതും അല്പദൃശ്യവുമായ അവളുടെ തലമുടി ഒളിച്ചുകേറിയ കാക്കയുടെ ചിറകുപോലെ പാപ്പിയുടെ കണ്ണിൽ അമൃതസേചനംചെയ്തു. കുറച്ചുനാൾ ഉപയോഗിച്ചു തേഞ്ഞുമിനുസംവന്ന ഓട്ടുചട്ടുകത്തിന്റെ പത്തിപോലെയുള്ള അവളുടെ ഫാലാർദ്ധഭാഗം അവന്റെ ഹൃദയപാത്രത്തിൽ ആവോളം തേൻ വിളമ്പി. കാണാമായിരുന്ന അവളുടെ ഇടംകവിളിൽ മൂക്കിനോടടുത്തു് ഒരു കറുത്ത അരിമ്പാറ നിന്നിരുന്നതു് തേങ്ങാപ്പൊങ്ങിലെ ഞെട്ടെന്നപോലെ പാപ്പിക്കു സന്തോഷം കൈവരുത്തി. വെട്ടുകല്ലുപോലെ ചുവന്ന അവളുടെ അധരത്തെ തെററിപ്പഴം കണ്ടു് കാക്കപോലെ അതിനെ കൊത്താൻ ആ കൊതിയൻ ആഞ്ഞുവോ എന്നു തോന്നും. കട്ടിളയിൽ പിടിച്ചിരുന്ന ഇടംകരം, എറിയുന്ന പശുവിന്റെ കാലു പുത്തൻകയറിനാലെന്നപോലെ, തങ്കവളകളാൽ അലംകൃതമായിരുന്നു. വെളുത്ത ചട്ടയിൽ കുരുത്തുപൊങ്ങിക്കണ്ട കുളുർകമലം, പച്ചരികൊണ്ടുണ്ടാക്കി പഞ്ചസാരയിൽ പൊതിഞ്ഞ ഇഡ്ഢലിപോലെ ആ കൊതിയനെ അസാരമായിട്ടല്ല ബഹുസാരമായിത്തന്നെ വിഭ്രമിപ്പിച്ചു. അവളുടെ പാദത്തിനടുത്തുവരെ താണു കിടന്നിരുന്ന ആ പൂന്തുകിലിന്റെ മഹാഭാഗ്യത്തിൽ അവനുണ്ടായ കണ്ണുകടി അസഹ്യമായിട്ടത്രേ അവന്റെ അധരത്തേൽ ഹർജി സമർപ്പിച്ചു. ചതുർവ്വിധമായ ഒരു സദ്യ കാലമായിരിക്കുന്നു, വിളമ്പാൻ ആരുമില്ല എന്ന നിലയിൽ പരസ്പരദർശനം സംഭവിച്ചു ആ യുവതീയുവാക്കന്മാർ കുറേനേരം വിഷമിച്ചു നിന്നു. സംസാരിപ്പാൻ വഴി തോന്നാതെ പാപ്പി പരുങ്ങുന്നതു കണ്ടു്, ഇത്തരം സന്ദർഭങ്ങളിൽ കാരണമുണ്ടാക്കുന്നതിൽ അസദൃശമായ നൈപുണ്യം പ്രകൃതിദത്തമായിട്ടുള്ള രമണികളിൽ ഒരാളായ അന്നാമ്മ ഇങ്ങനെ ചോദിച്ചു:—

അന്നാമ്മ:—വഴിനടന്നു വന്നതുകൊണ്ടു് ക്ഷീണമുണ്ടായിരിക്കും. സ്വല്പം കാപ്പിയും പലാരവുംകൊണ്ടുവരട്ടെ?

"തോന്നെസ്സന്തോഷം" എന്നു പറഞ്ഞു് നെയ്യിന്റെ മണമേററ പൂച്ചപോലെ, സന്തുഷ്ടനായ പാപ്പി മന്ദഹസിച്ചു.

അന്നാമ്മ ഇരുമ്പുപാരപോലെ നീണ്ട കടക്കൺകൊണ്ടു പാപ്പിയുടെ ധൈര്യക്കല്ലറ കുത്തിപ്പൊളിച്ചുകൊണ്ടു തിരിഞ്ഞു. തലയും വാലുംഇളക്കിക്കൊണ്ടു് പോക്കെന്നപോലെ, നിതംബബിംബവും, ഹസ്തവും ചലിപ്പിച്ചുകൊണ്ടു പോയ പോക്കു തന്നെ നോക്കിനോക്കി രസിച്ചു പാപ്പി നിശ്ചലനായ മരപ്പാവപോലെ സ്ഥിതിചെയ്തു.

അവൾ മറഞ്ഞ ശേഷം പാപ്പിയുടെ ഉള്ളിൽ അനവധി ചിന്തകൾ, തിളയ്ക്കുന്ന വെള്ളത്തിൽ കുമിളകൾപോലെ, പുഴുക്കൽനെല്ലിൽ കാക്കകൾപോലെ, മീൻചന്തയിൽ പെൺപിള്ളമാർ പോലെ വന്നുപൊയ്ക്കൊണ്ടിരുന്നു. ഒടുവിൽ അവൻ 'പററിയെങ്കിൽ ഒരുദ്യോഗം, ഇല്ലെങ്കിൽ നാലഞ്ചു രൂപാ ന

ഷ്ടം.' എന്നു പറഞ്ഞുകൊണ്ടിരിക്കവേ അന്നാമ്മ ഇടത്തുകൈയിൽ ഒരു പിഞ്ഞാണത്തിൽ ഒരു കററി പുട്ടും, മൂന്നുനാല്ല പഴവും, വലത്തുകൈയിൽ ഒരു സാസറിൽ വെച്ച കപ്പിൽ ആവി പാറുന്ന കാപ്പിയുമായി വന്നു. പ്രസിദ്ധകവി എം. ആർ. കൃഷ്ണവാരിയർ ബി. ഏ., എൽ. ററി. അവർകളായിരുന്നെങ്കിൽ, ഒരു കൈയിൽ അമൃതകലശവും, മറുകൈയിൽ വരണമാലയും ധരിച്ച ലക്ഷ്മീദേവിപോലെ, ഒരു കൈയിൽ ചോറും, മറുകൈയിൽ പ്രഥമനും ധരിച്ച ഗോപസ്ത്രീപോലെ എന്നെല്ലാം ഒന്നു രണ്ടു സമുചിതമായ ഉപമകൾ കൂട്ടിച്ചേർത്തേനെ. അന്നാമ്മ ഈ വിഭവങ്ങൾ പാപ്പിയിരുന്ന കസേരയ്ക്കടുത്തു കിടന്ന മേശപ്പുറത്തുവച്ചിട്ട് പിൻവാങ്ങിനിന്നു. പാപ്പി പലഹാരത്തിൽ പിടികൂടി; അന്നാമ്മ സംഭാഷണത്തിലും.

അന്നാമ്മ: ഇസ്സാധുവിന് ഇതു മാതിരിയുള്ള മഹാന്മാരെ സല്ക്കരിപ്പാനിടവന്നതുകൊണ്ട് യേശുവിന്റെ കൃപയെത്തന്നെ വാഴ്ത്തേണ്ടിയിരിക്കുന്നു.

പാപ്പി:- ഞാൻ വെറും ഒരു നിസ്സാരനാണ്.

അന്നാമ്മ:-പിന്നെ. പരീക്ഷ ജയിച്ചിട്ടുണ്ട്; ഗവർന്മേൺറുദ്യോഗസ്ഥനാണ്. ഇതു രണ്ടും പോരായോ കേമനാകാൻ.

പാപ്പി:-അതുകൊണ്ടുതന്നെ കേമനാകുമോ? പണം കൂടി ഉണ്ടെങ്കിലേ ആകൂ.

അന്നാമ്മ:-അതു ക്രമേണ ഉണ്ടായിക്കൊള്ളുമല്ലോ.

പാപ്പി:-ദൈവം കടാക്ഷിച്ചാലുണ്ട്. അതു പോട്ടെ. നീ ഇങ്ങോട്ടു നീങ്ങിനിന്ന് ഈ കാപ്പിയൊന്നാറിച്ചു താ.

അന്നാമ്മ സ്വല്പനേരത്തേക്ക് ഒന്നു മടിച്ചു. എന്നാൽ, ഒരു വിധത്തിലും പാപ്പിയെ മുഷിപ്പിക്കരുതെന്നുള്ള അമ്മയുടെ ആജ്ഞയും, അവനോടടുത്തു നിൽപ്പാനുള്ള ആഗ്രഹവും അവളെ മുന്നോട്ടു പിടിച്ചു തള്ളി.

മതിമറന്നു നിന്നിരുന്ന അവൾ ഒരു പഴമെടുത്തു പകുതി തൊലിച്ചപ്പോഴേയ്ക്കു പാപ്പി അതു പിടിച്ചുപറിച്ചു വായിലിട്ടിട്ടു, കട്ടിയുടെ കൈയിൽനിന്നു തീററിസ്സാമാനം കൈയ്ക്കലാക്കിത്തിന്നിട്ടു പല്ലിളിച്ചു കാണിക്കുന്ന കരഞ്ഞിനെപ്പോലെ ഹസിച്ചു. അന്നാമ്മയാകട്ടെ, ആരെങ്കിലും കമ്പുകൊണ്ടു തൊട്ട ചുരുളട്ടപോലെ ചുരുങ്ങി പിന്നോട്ടു മാറാൻ ആഞ്ഞു. എന്നാൽ, പാപ്പി അവളുടെ തങ്കവാഴപ്പിണ്ടിക്കൈ പിടിച്ചു ഡാക്ടർ രോഗിണിയെ പരിശോധിക്കുന്നതിലും ദിവ്യമായിട്ടെന്നോണം അധരപീയൂഷത്താൽ അവളുടെ രക്തവിഗ്രഹത്തെ ആകമാനം മധുരമയമാക്കി അനുഗ്രഹിച്ചു. അവളുടെ കവിൾത്തടങ്ങൾ, തല്ലിപ്പരത്താൻ കൊല്ലൻ പഴുപ്പിച്ച ഇരുമ്പുപാളിപോലെ ജ്വലിച്ചു. അവളുടെ ശരീരം ആദ്യത്തെക്കേസു വാദിപ്പാൻ എഴുന്നേററ വക്കീൽപോലെ, മീനിനെക്കണ്ട പൊൻമാൻപോലെ വിറച്ചു വശായി.

പാപ്പി:-എന്തിനാ വിറയ്ക്കുന്നേ? ഞാൻ കടുവായോ പുലിയോ മറേറാ ആണോ? പൊടി നല്ലതാണോന്നു പിടിച്ചു നോക്കീട്ടല്ലേ ആളുകൾ വാങ്ങിക്കാറുള്ളത്? അതുപോലെ ഞാനും ഒന്നു പരീക്ഷിച്ചു. അത്രേയുള്ളു.

അന്നാമ്മ: കൊള്ളാം; നല്ല സൂത്രംതന്നെ. ഇങ്ങനെ ഓരോ പരീക്ഷ നടത്തുമ്പോഴേയ്ക്കു ജീവിതവും അവസാനിക്കും. പൊടി വാങ്ങിക്കാതെ കഴിക്കയും ചെയ്യാം.

പാപ്പി:-അങ്ങനെ വാങ്ങിക്കാതെ കഴിക്കാമെന്നു വിചാരിക്കുന്നവനല്ല ഞാൻ

അന്നാമ്മ:- എന്നാൽപിന്നെ തരക്കേടില്ല.

പാപ്പി:-ശേഷമൊക്കെ നാളെയാട്ടെ. എനിക്ക് ടെന്നിസ് കളിപ്പാൻ പോകണം.

അന്നാമ്മ:-അഞ്ചാറു ദെവ്സമായി കളിച്ചിട്ട്; ഇനിക്കൊന്നു കുളിക്കാനും പോകണം.

ഇരട്ടപ്പഴത്തിനെ വിടർപ്പുള്ളവൻ ഉരിഞ്ഞു മാററുന്നതുപോലെ കൃത്യപരതന്ത്രത ഇങ്ങനെ ആ രണ്ടുപേരെയും അകററി.

## III.

ഏലിയാമ്മ:-അന്നാമ്മേം പാപ്പച്ചനുംതമ്മിൽ വലിയ മമതയായിപ്പോയി. അവൾ എപ്പോഴും ഊമേടെകൂട്ട് ഒരെടത്തു ചെന്നിരിക്കും, ചോറും തിന്നുകേല്ല; കാപ്പീം കുടിക്കുകേല്ല; പാപ്പിയെത്തന്നെ കിനാവുകണ്ടോണ്ടു കഴിച്ചുകൂട്ടും.

ചാക്കോ:- ആങ്ഹാ! അത്രയ്ക്കായോ ഇഷ്ടം?

ഏലി:-പിന്നില്ല്യോ? ഇന്നു റയിട്ടു പാപ്പച്ചൻവരും. ഒരു മോട്ടോറിൽക്കേറി പട്ടണത്തിൽ ചുററിയടിക്കണമെന്നു പറയുന്നു.

ചാക്കോ:—അവളെത്തന്നെ അവന്റെകൂടെയക്കുന്നത് ശരിയാണോ?

ഏലി:-അതാ ഇനിക്കും സംശയം. പക്ഷേല് അവൻ സർക്കാരുദ്യോഗസ്ഥനല്ല്യോ? പിന്നെന്താ പേടിപ്പാനൊള്ളു?

ചാക്കോ:_അതുകൊണ്ടേ ഇനിക്കു പേടിയുള്ളു. അവരെപ്പോലെ ദൈവത്തിൽ വിശ്വാസം ഇല്ലാത്തോരാരുമില്ല.

ഏലി:-അങ്ങനാണോ?

ചാക്കോ:-പിന്നല്ലാണ്ട്? ദൈവത്തിൽ വിശ്വസിക്കുന്നെങ്കിൽ കണ്ടപൊറജാതിക്കാരെ ഉദ്യോഗത്തിൽ നിയമിക്കുമോ അവര്? ആ മേട്ടമിട്ടുകാരൻ .........ഇയനാപ്പം കണ്ടില്ല്യേ? നസ്രാണികളല്ലാണ്ട് ആർക്കേലും ഉദ്യോഗം കിട്ടുമാരുന്നോന്ന്?

ഏലി:-ഇപ്പം എല്ലാരും ഹിന്ദുക്കളായിപ്പോയോ?

ചാക്കോ:-അതൊന്നുമില്ലെടീ! നമ്മുടെ പെറിയാച്ചനില്ലിയോ? നമ്മടാളുകൾക്കുമാത്രം വേണ്ടിടത്തെയ്ക്കു സ്ഥലംമാറ്റംകൊടുത്തു. നമ്മടാളുകളെമാത്രമെ നേമിക്കുന്നൊള്ളു.

ഏലി:-അങ്ങനെതന്നെ വേണം. ഹിന്ദുക്കൾക്കൊന്നും കൊടുക്കരുത്- ഇവിടെ നമ്മടാളുകൾ മാത്രമാകണം.

ചാക്കോ:-അയ്യോ! എന്നാൽ എന്തുസുഖമാരുന്നു? പക്ഷേല് അതത്രെളുപ്പമാന്നു തോന്നുന്നില്ല.

ഏലി:-അതൊരിക്കപ്പറവം. അതൊക്കെപ്പോട്ടെ. അന്നാമ്മെ അയയ്ക്കുന്നകാര്യമെന്തോന്നാ?

ചാക്കോ:-ഈ ചള്ളു മോട്ടാറെന്നുകേട്ടാൽ ഇനിക്കു വെറുപ്പാ. ശോശാമ്മെ കേററിക്കൊണ്ടുപോയി കൊറെ മുട്ടാളന്മാരെല്ലാംകൂടെ വശംകെടുത്തിക്കളഞ്ഞില്ലേ? അതീമോട്ടാറു വന്നിട്ടല്ല്യോ?

ഏലി:-ഒള്ളതാ; അക്കത ഞാനങ്ങു വിട്ടുപോയി. എന്നാൽ അയയ്ക്കുണ്ടാ, എന്താ?

ചാക്കോ:-അതാ നല്ലതെന്നാ ഇനിക്കു തോന്നുന്നതു്.

ഏലി:-പക്ഷേല് പാപ്പച്ചൻ ഒരു സർക്കാരുദ്യോഗസ്ഥനാണ്. കൊറേ ശിപാരശിംകൊക്കെ കാണും. ഒന്നുരണ്ടുകൊല്ലംകൂടെ കഴിയുമ്പം അന്നാമ്മ മററിക്കുലേഷൻ പാസാവും. അപ്പോ അവൻമുഖാന്തരം ഒരു ജോലീം അവക്കുകിട്ടും. അതുകൊണ്ട് അവനെ വെറുപ്പിച്ചയയ്ക്കുന്നതു മോശമല്ല്യോന്നോ?

ചാക്കോ:-ങ്ഹാ. അങ്ങനേം ഒരുകാര്യമൊണ്ട്. ഇപ്പഴൊരു മാപ്പിളേക്കിട്ടും; കുറെക്കഴിഞ്ഞു ജോലിയും. കൊള്ളാമെടീ! നിന്റെപോരു നല്ലതുതന്നെ അവനെ ഒരിക്കലും വിടരുത്. അവന്റെ ഇഷ്ടം തന്നെ നോക്കണം.

ഏലി:-അതാ എന്റെ വിചാരം. സ്ത്രീധനത്തിന്റെകാര്യം ഒന്നും അവൻ പറഞ്ഞില്ലല്ലോ.

ചാക്കോ:-പതുക്കെയാട്ടെന്നാരിക്കും അവന്റെ വിചാരം. നല്ല ചെറുക്കനെ കിട്ടിയാൽ രൂപാകൊറെക്കൂടുതൽകൊടുത്താലും തരക്കേടില്ല.

ഏലി:-എന്നാൽ അവര് പൊയ്ക്കോളാംപറയാം. എന്താ?

ചാക്കോ:-അങ്ങനാട്ടെ.

## IV

തിമിംഗലനക്രാദിഹിംസ്രജന്തുക്കൾ നിറഞ്ഞു നിഷ്ഠുരഹൃദയമുള്ള കറുത്ത കടലിനായി വാസരമണിയുടെ കനകാഭകൊടുത്തിട്ട ദിവ സബിരുദധാരി ഇതാ താരകാരൂപകൾ കിട്ടുന്ന നിരാശോദ്യോഗം വാങ്ങിപ്പാൻ ഒരുമ്പെടുന്നു. കൊങ്ങിണിമാരുടെ ചന്ദനഗ്ഗോപിപോലെ, തുക്കികളുടെ കൊടിയടയാളംപോലെ, മേലുദ്യോഗം ഭരിക്കുന്ന ആങ്ങളമാരുടെ ആശയംപോലെ കുടിലതപൂണ്ട ചന്ദ്രൻ വാനിന്റെ കോണിൽവന്നുദിച്ചുകഴിഞ്ഞു. ഈയവസരത്തിൽ നല്ലവണ്ണം ചവിണ്ടതും, റോഡിലെ ചെളികൊണ്ടു കീഴ്ഭാഗം ചെങ്കരയിട്ടിട്ടുള്ളതുമായ ഒരുമുണ്ടു പാദത്തിനിടക്കിട നിഴയുമാറുടുത്തു, കുപ്പായമല്ല, ഷർട്ടുമല്ലാത്ത ഒരുമാതിരി കേഡിയുടുപ്പിട്ടു് ഉറക്കമിളപ്പിന്റെയും, മദ്യപാനത്തിന്റെയും മററു് ആലസ്യോദ്ദീപകമായ പ്രവൃത്തികളുടെയും ഫലമായി കലങ്ങിയ കണ്ണും, വാടിയ മുഖവും, തളർന്ന നാഡികളും ഉള്ള ഒരു ഡ്രൈവർ ചില കേഡികൾക്കു സലാംകൊടുത്തും, ചില പാവപ്പെട്ട കാളവണ്ടിക്കാരെ അസഭ്യംശകാരിച്ചും ഞെളിഞ്ഞിരുന്നുതെളിക്കുന്ന ഒരു 'ഫോർഡു്' കാറിൽ നമ്മുടെ അന്നാമ്മയും, പാപ്പിയുംകൂടി ഇതാ സഞ്ചരിക്കുന്നു. പാപ്പിക്കു വേഷം പഴയതുതന്നെ. അന്നാമ്മ രണ്ടുവിരൽ വീതിയിൽ കസവിട്ട ഒരു കവണി ചട്ടയ്ക്കുമേൽ ചുററിപ്പുതച്ചു സ്വർണ്ണസൂചികൊണ്ടു് കുത്തിപ്പിടിപ്പിച്ചിരുന്നു എന്നൊരു വിശേഷം മാത്രമെ ചെയ്തിട്ടുണ്ടായിരുന്നൊള്ളു. അഭിപ്രായം പുറപ്പെടുവിച്ചുകൊണ്ടു ഓരോ ആളുകളെയും, പദാർത്ഥങ്ങളേയും പരസ്പരം ചൂണ്ടിക്കാണിച്ചു ചിരിച്ചു രസിച്ചു ചേർന്നിരുന്നു ഗമിക്കുന്ന ഇവർ ദമ്പതികളെന്നേ കാണികൾക്കു തോന്നുകയുള്ളു. ചില തിരിവുകളിലും, ഇറക്കത്തിലും വച്ചു മോട്ടോർ ഉലയുമ്പോൾ അന്നാമ്മ പാപ്പിയുടെ മെയ്യിൽ പുളകാങ്കുരപ്രദങ്ങൾ തറയ്ക്കുമാറു സ്വയംഗ്രഹാശ്ലേഷം ചെയ്യാറുണ്ടു്. അവളുടെ കവിൾക്കല്ലുണ്ടുഗോളങ്ങൾ മാറത്തുതട്ടുമ്പോൾ, വിദ്യോത്ഥിവേട്ടുകളേറ്റു തനിക്കു കിട്ടിയിരുന്ന ബാററൺതടിയുടെ ഇടികളെ പാപ്പി അനുസ്മരിച്ചുപോയി. അവളുടെ ഭുജശാഖകൾ ദേഹത്തിൽ പിണയുമ്പോൾ മൂർഖൻപാമ്പു ചുററിയപോലെയോ, പോത്തിൻകൊമ്പു കൊണ്ടതുപോലെയോ എങ്ങനെയാണു അവനു അനുഭവമുണ്ടായതെന്നു ആ ഭാഗ്യവാനു മാത്രമറിയാം. മണൽവാരിയെറിയുന്നപോലെയോ, ചുണ്ണാമ്പുവെള്ളം പീച്ചുന്നപോലെയോ, വെള്ളിയരുക്കിയൊഴിക്കുന്നപോലെയോ ഉള്ള അവളുടെ മന്ദഹാസം അവനു ഹൃദ്യമായിത്തോന്നി. 'അവിട

ത്തെ വസതി ഇത്ര അകലത്താണോ? എന്നുള്ള അവളുടെ ഇടവിടാതെയുള്ളചോദ്യംകൊണ്ടു അവൻെറ വീട്ടിലേയ്ക്കായിരുന്നു ഗമനമെന്നു അവളോടു പറഞ്ഞിട്ടുള്ളതായി ഊഹിക്കാമല്ലോ.

ഇതിനിടയ്ക്ക് ആകാശാങ്കണത്തിൽ കിടന്നിരുന്ന തേജോപുഞ്ജം കാർമുകിൽക്കാക്ക കൊത്തിക്കൊണ്ടു പോയിരുന്നു. ഉദ്യോഗസ്ഥന്മാരുടെയും, റൗഡികളുടെയും തിരശ്ശീലയായ അന്ധകാരം സർവ്വത്ര വ്യാപിച്ചു. പിഴയൊടുക്കണമല്ലോ എന്നുപേടിച്ചു അന്നാമ്മയും, പാപ്പിയും ഇരുന്ന മോട്ടാറും മുൻവശത്തും, പിൻവശത്തും ഓരോ വിളക്ക വെച്ചിരുന്നു. രാഘവാഭ്യുദയകർത്താവായിരുന്നെങ്കിൽ, ഈയവസരത്തിൽ അതിനെ ശിവനോടുപമിച്ചേനെ. ആ വണ്ടിക്കുള്ളിൽ വെളിച്ചം, അധികാരികളുടെ കണ്ണിൽ പാവങ്ങളുടെ കഷ്ടതയെന്നപോലെ കയറാതിരുന്നതുകൊണ്ടു യുവതീയുവാക്കന്മാർക്ക് പരസ്പരം കാൺമാൻ കഴിവില്ലായിരുന്നു. ഇരുട്ടുകണ്ടു ഭീരുവായ അന്നാമ്മ 'ത്രസ്തൈകഹായനകുരംഗവിലോലദൃഷ്ടി' യാളായി "ഇനിയും വീടെത്തില്ലേ?"എന്നാൽ തിരിച്ചു പോകാം. അതിനകം ഇരുട്ടരുതെന്നു അമ്മ പ്രത്യേകം പറഞ്ഞിട്ടുണ്ട്" എന്നുപറഞ്ഞു.

പാപ്പി:-ഇല്ല, താമസമൊട്ടുമില്ല. ഇതാ വീടെത്തു ആ കാണുന്ന വീടതന്നെ.

അന്നാമ്മ:-ഇത്ര വല്യവീട്ടിലാണോ ഇവിടുന്നു താമസിക്കുന്നത്?

പാപ്പി:-ഇനിക്കതിൽ ഒരുമുറിയേഉള്ളു. ശേഷം വേറെ ആളുകൾക്കുള്ളതാണ്.

അന്നാമ്മ:-വേറെ ആരാ അവിടെ താമസിക്കുന്നേ?

പാപ്പി.-ഒരു വലിയ ഉദ്യോഗസ്ഥൻ.

ഇത്രയും പറഞ്ഞപ്പോഴേയ്ക്കു കാർ വീട്ടിൻെറ പടിക്കലെത്തി. പാപ്പി അതിൽനിന്നിറങ്ങി അന്നാമ്മയുടെ കൈയ്ക്കുപിടിച്ചിറക്കി, രണ്ടുപേരുംകൂടി ആ വലിയ കെട്ടിടത്തിൻെറ ഒരു മുറിയിൽ ചെന്നിരുന്നു. ഏതോ അപകടം വരാൻ പോകുന്നുവെന്ന് അന്നാമ്മയ്ക്കു ശങ്കയുണ്ടായി; എങ്കിലും, പാപ്പി അവളെ കുടുക്കുകയില്ലഎന്നു ആ ശുദ്ധഹൃദയ ചിന്തിച്ചു.

"ഇനിക്കൊന്നു പെടുക്കണം. ഞാനിപ്പംവന്നേക്കാം"എന്നുപറഞ്ഞു പാപ്പി പുറത്തെയ്ക്കിറങ്ങി.

പാപ്പി വെളിയിലേയ്ക്കിറങ്ങിയപ്പോൾ അവൾ ആ മുറി ഒന്നുസൂക്ഷിച്ചുനോക്കി. ഒന്നാന്തരം ഒരുമേശയുടെ പുറത്തു ഒരു വിളക്കിരുന്നു കത്തുന്നു. വെള്ളിച്ചുവട്ടുകളിൽ കുത്തിനിറുത്തിയിരുന്ന ചന്ദനത്തിരികൾ പുകഞ്ഞു അവിടെല്ലാം മണംപരത്തിയിരുന്നു. പലതരം സുഗന്ധതൈലങ്ങളുടെ സൗരഭ്യംകൊണ്ടു തലകറങ്ങിപ്പോകുന്ന ആ മുറിയിൽ ഒരു ചിത്രമഞ്ചക്കട്ടിൽ കിടന്നിരുന്നു. അതിൽ കനകരോമാസകൾ നിരത്തിയ ഒരു സൂക്ഷ്മപടമെത്ത കാണപ്പെട്ടു "പാപ്പി ഇത്ര വലിയ ധനികനോ;" എന്നു സംശയിച്ചു പരിഭ്രമിച്ചുനില്ക്കുന്ന അന്നാമ്മയുടെ പിന്നിൽ ആട്ടിൻകുട്ടിയുടെ പിന്നിൽ ചെന്നായെന്നപോലെ ഒരു സത്വം ആവിർഭവിച്ചു. "പാപ്പച്ചനിത്രതാമസിച്ചതെന്താണ്? എന്നു ചോദിച്ചുകൊണ്ടു തിരിഞ്ഞുനോക്കിയപ്പോൾ അന്നാമ്മ ഭയംകൊണ്ടു വിറച്ചു. "അയ്യോ! എൻറമ്മച്ചീ! ഇതെന്തുകഥയാണു? എന്നു നിലവിളിച്ചുപോയി.

ഇതൊന്നും കേട്ടെന്നു നടിക്കാത്ത മദ്യപാനാതണിതനേത്രനും, കൃശഗാത്രനും, മുഖപ്രസാദവിഹീനനും ആയ ആ വിടരാജൻ ഏതു നരകപാരത്തിൽ നിന്നെടുത്തുചാടിയോ ആരാണോ ആർക്കറിയാം.

* * * *

മകരം വരാഞ്ഞു കാത്തു കാത്ത് ഏലിയാമ്മയും ചാക്കോമാപ്പിളയും മയങ്ങിപ്പോയി. ആ സമയത്തു അന്നാമ്മയെ പടിക്കൽ കൊണ്ടു തള്ളിയിട്ടു പാപ്പിയും, ഡ്രൈവരും കടന്നുകളഞ്ഞു. ഒരു കരച്ചിൽ കേട്ടു കതകുതുറന്നു വെളിയിൽ വന്നു നോക്കിയപ്പോൾ, ഏലിയാമ്മകണ്ടകാഴ്ച അവർണ്ണനീയം!! കരഞ്ഞുകരഞ്ഞു കണ്ണുചുവന്നു, നെഞ്ചുകിതച്ചു, ദേഹമാകെ ഉടഞ്ഞു ആരോ വാലിൽപ്പിടിച്ചു കുടഞ്ഞതുകൊണ്ടു എല്ലുപിണങ്ങിയ ഉരഗിപോലെ, ചക്കിൽവച്ചു ചാറു പിഴിഞ്ഞെടുത്ത കരിമ്പിൻകൊന്നൽപോലെ, പോത്തിറങ്ങി കുത്തിക്കലക്കിയ ചെറുസരസ്സുപോലെ അന്നാമ്മ കിടക്കുന്നു. അയ്യോ! എന്ന് അറിയാതെ ഒന്നു നിലവിളിച്ചുപോയി. അപ്പോൾ ചാക്കോയുംഇറങ്ങിവന്നു. അയാളും ആദ്യം വല്ലാതെ പരിഭ്രമിച്ചു, സങ്കടപ്പെട്ടുവെങ്കിലും, ഇതു വെളിക്കാക്കരുതെന്നുള്ള ഉദ്ദേശ്യത്തോടെ രണ്ടുപേരുംകൂടി മകളെ എടുത്തു അകത്തു കൊണ്ടുപോയി വേണ്ട ശുശ്രൂഷചെയ്തു.

ഇങ്ങനെ അന്നാമ്മയ്ക്കു മാപ്പിളയും, ഉദ്യോഗവുംകൂടി ഒരുവെടിക്കു രണ്ടുപക്ഷിപോലെ ഉണ്ടാക്കാൻ ശ്രമിച്ച ഏലിയാമ്മ, രണ്ടും ഒററയടിക്കുടഞ്ഞു, മാനഹാനിയും പിണഞ്ഞു, എന്നു മനസ്സിലായപ്പോൾ, ഇരട്ടവെടി കൊണ്ടതുപോലെ വേദനപ്പെട്ടു. പാപ്പിയെന്ന വ്യാജവേഷംകെട്ടി ഉദ്യോഗസ്ഥനാണെന്നുപറഞ്ഞുവന്നവൻ, വഴിയിൽക്കിടന്ന തേങ്ങയെടുത്തു ഗണപതിക്കടിച്ച് ഉദ്യോഗകാര്യം നിർവ്വഹിച്ചു.

—*—

# എസ്. റി. റെഡ്യാർ & സൺസ്

## വി. വി. പ്രസ്സ്, കൊല്ലം.

വില്പാൻതയാറുള്ള പുതിയ പുസ്തകങ്ങൾ.

| ശ്രീരാമകൃഷ്ണദേവൻെറ സമ്പൂൎണ്ണചരിത്രം | രൂ. | ണ. | വിവേകാനന്ദസ്വാമികളുടെ യോഗപ്രസംഗങ്ങൾ. | രൂ. | ണ |
|---|---|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻെറ ജീവചരിത്രം | | | ഭക്തിയോഗം ശ്രീനാരദഭക്തി | | |
| ബാലകാണ്ഡം കിശോരഭാവം ൧-ക്ക് | ൦ | ൧൨. | സൂത്രത്തോടുകൂടിയത് ൧-ക്ക | ൦ | ൧൨. |
| സുന്ദരകാണ്ഡം സാധകഭാവം ൧-ക്ക് | ൦ | ൧൨. | കൎമ്മയോഗം ഭഗവൽഗീതയിലെ | | |
| ഉത്തരകാണ്ഡം ആചാൎയ്യഭാവം ൧-ക്ക് | ൦ | ൧൨. | കൎമ്മയോഗംകൂടിഅടങ്ങിയതു് ൧-ക്ക് | ൦ | ൧൨. |
| ടി. മൂന്നുകാണ്ഡങ്ങളുമടങ്ങിയതു | | | ജ്ഞാനയോഗം | | |
| മുഴുവൻ കാലിക്കോബയൻറു ൧-ക്ക് | ൨ | ൦. | മുഴക്കാലിക്കോബയൻറു് ൧-ക്ക് | ൨ | ൦ |
| ശ്രീരാമകൃഷ്ണചരിതാമൃതം ൨-ാംഭാഗം | | | ടി സാധാരണബയൻറു് ൧-ക്ക് | ൧ | ൮. |
| ധൎമ്മോപദേശകഥകൾ ൧-ക്ക് | ൦ | ൮. | രാജയോഗം പതഞ്ജലിയോഗം | | |
| ടി. ൩-ാംഭാഗം സദ്വാക്യങ്ങൾ ൧-ക്ക് | ൦ | ൧൨. | സൂത്രത്തോടുകൂടിയതു്. | | |
| ടി. ൪-ാംഭാഗം ടി ൧-ക്ക് | ൦ | ൮ | മുഴക്കാലിക്കോബയൻറു് ൧-ക്ക് | ൨. | ൦. |
| ടി. ൫-ാംഭാഗം ടി ൧-ക്ക് | ൦ | ൮ | ടി സാധാരണബയൻറു് ൧-ക്ക് | ൧ | ൮ |
| ടി. ൬-ാംഭാഗം ടി ൧-ക്ക് | ൦ | ൮ | മനഃശക്തി ഒരു പ്രസംഗം ൧-ക്ക് | ൦ | ൨ |

സ്വാമികളുടെ ജീവചരിത്രം, ഉപദേശങ്ങൾ കത്തുകൾ, മററു പ്രസംഗങ്ങൾ, ആദേശവാണികൾ മുതലായവകൂടി അച്ചടിച്ചുവരുന്നു.

ബ്രാഞ്ച്ഡിപ്പോകൾ:-

| | |
|---|---|
| തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ | ഇവിടങ്ങളിലും ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്. |

---

൧൦൮൭-ൽ സ്ഥാപിച്ചതു്.

കെ. ഈശ്വരവാരിയർ ആൻഡ് ബ്രദേഴ്സ്,

ആഭരണവ്യാപാരം— തൃശ്ശിവപേരൂർ.

### കല്ലുപതിച്ചതും പതിക്കാത്തതുമായ

# സ്വൎണ്ണാഭരണങ്ങൾ

തനിപ്പവൻ. ഇതാ തയ്യാർ. വിശേഷമായ പണിത്തരങ്ങൾ.

റെക്കാൽമൂക്കുത്തി ൧-ക ൮-ണ മുതൽ ൩-ക-വരെ. കട്ടക്കൻ ജോടി ൧-ക്ക ൬-ക. ൮-ണ മുതൽ ൨൦-ക.വരെ. പതക്കം ൮-ക. മുതൽ ൪൦-ക. വരെ.

ചെറിയ സ്വൎണ്ണക്കമ്മലുകൾ ൩ ക. ൮ ണ, മുതൽ ൧൫-ക. വരെ. മോതിരം ൮ ക. മുതൽ ൨൫ ക. വരെ.

മററു പലേമാതിരി വിശേഷപ്പെട്ട ആഭരണങ്ങളും ഞങ്ങളുടെ പക്കൽ തയ്യാറുണ്ട്. അധികവിവരം അറിവാൻ വിവിധമാതൃകകളോടുകൂടിയ പുതിയ വിലവിവരപ്പട്ടികയ്ക്കെഴുതുക.

**N. B.** മേൽത്തരം നല്പവിഴം ൪൮-എണ്ണം അടങ്ങിയ മാല ൧-ക്ക ൧-ക. ൮-ണ.

*LICENSE NO. 60. DATED 23-6-1926.*

# വിദൂഷകൻ.

രാജ്യതന്ത്രം തുടങ്ങിയ സർവ്വതന്ത്രങ്ങളേയും പററി സ്വതന്ത്രമായി പ്രതിപാദിക്കുന്ന

## ഒരു വിനോ[illegible]മാസിക.

വായിച്ചാൽ ആരും ചിരിച്ചു മണ്ണുക[illegible]ന്ന ഫലിതങ്ങളും വെടികളും വിനോദങ്ങളും വിമർശങ്ങളും തമാശകളും നേരമ്പോക്കുകളും മാത്രമല്ല, [illegible]ലേഖനങ്ങളും വിനോദകഥകളും സരസ കവിതകളും ഹാസകൃതികളും മാത്രമല്ല, സഹൃദയഹൃദയാഹ്ലാദപ്രദവും ആലോചനാമൃതവും സരസകോമളവുമായ വിവിധ വിനോദക്കുറിപ്പുകളും മാത്രമല്ല, ആത്യന്തം മഹാകാര്യമായ നേരമ്പോക്കുകളും ബഹു നേരമ്പോക്കായ കാര്യങ്ങളുംകൊണ്ടു് ആകെപ്പാടെ ബഹുരസകരമായ

## ഒരുവിശിഷ്ടപത്രഗ്രന്ഥം.

ഓരോ ലക്കവും സവിശേഷം ആകർഷണീയമാക്കുന്ന

## വിവിധ വിനോദചിത്രങ്ങൾ

എല്ലായ്പോഴും ഉണ്ടായിരിക്കുന്നതാണു്.

## വരിസംഖ്യ എപ്പോഴും മുൻകൂർ

| | |
|---|---|
| ൧൨-ലക്കങ്ങളുള്ള ഒരു കൊല്ലത്തേക്കു | ൩ ക. മാത്രം. |
| ൬-മാസത്തേക്കു | ൨ ക. മാത്രം. |
| ഒരു ലക്കത്തിനു | ൬-ണ. |

ഇൻഡ്യക്കു പുറമേ ഒരുകൊല്ലത്തേക്കു് ൩-ഡാളർ.

പരസ്യക്കൂലി നിരക്കു് ആഫീസിൽ എഴുതിച്ചോദിച്ചറിയേണ്ടതാണു്.

മാനേജർ, "വിദൂഷകൻ", കൊല്ലം—പരവൂർ.

---

## പത്രബന്ധുക്കളോടു്.

വിദൂഷകന്റെ സർവ്വാവകാശവും ഞാൻ വാങ്ങിയിരിക്കുന്നു. മേലാൽ വിദൂഷകൻ കൃത്യമായും കണിശമായും പ്രസിദ്ധംചെയ്യുന്നതാണു്. വരിക്കാരായും ലേഖകന്മാരായും വിദൂഷകമിത്രങ്ങളായിത്തീർന്നിട്ടുള്ള എല്ലാ പത്രബന്ധുക്കളും വിദൂഷകപ്രവർത്തനത്തിൽ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരേണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. മാസികയ്ക്കുള്ള അപേക്ഷകൾ, വരിസംഖ്യ മുതലായവ മാനേജർക്കും, ലേഖനങ്ങളും അതു സംബന്ധിച്ച കത്തുകളും മററും പത്രാധിപർക്കും അയയ്ക്കേണ്ടതാകുന്നു.

## ഈ ലക്കം മാസിക

ഞങ്ങളുടെ പഴയ വരിക്കാർക്കെല്ലാം അയയ്ക്കുന്നുണ്ടു്. ആവശ്യമില്ലാത്തവർ മടക്കി അയയ്ക്കുകയോ വിവരം അറിയിക്കുകയോ ചെയ്യാനപേക്ഷ. മേൽവിലാസമാററത്താലോ മററോ മാസിക കിട്ടീട്ടില്ലാത്തവർ ഉടനെ മാനേജരെ അറിയിക്കേണ്ടതാകുന്നു.

പീ. എസ്സ്. നീലകണ്ഠപ്പിള്ള, എഡിററർ & പ്രൊപ്രൈററർ.

കൊല്ലം—പരവൂർ.

---

PRINTED AND PUBLISHED BY P. S. NILAKANDA PILLAI.
AT THE VIDYA VILASAM PRESS, PARAVOOR, QUILON.